

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.ഇ3-1107/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 20/11/2025
ഇ-മെയിൽ:
dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-4,1-5 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രസഹിതം)
2. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണവകുപ്പ്, വയനാട്
3. കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.ഇ3-1107/2025 തീയ്യതി: 20/11/2025

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 15-05-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ അഗസ്റ്റ്യൻ.ഒ.കെ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	22-09-2025	03-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-09-2025	03-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിന്ദു കെ.കെ, ഓഡിറ്റ് ഓഫീസർ

ശ്രീ അല്ല അകബർ.കെ, അസിസ്റ്റന്റ ഓഡിറ്റ ഓഫീസർ
ശ്രീ ഷാജി പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അസൈനാർ.സി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. ബിജേഷ്.എ.എം	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. കെ.കവിത	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ	01-04-2024	31-03-2025
ശ്രീമതി. ഇന്ദിര.എൻ.എം	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ. രാമുണ്ണി. കെ.കെ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2024	16-12-2024
ശ്രീമതി. ജ്യോതി സി ജോർജ്ജ്	കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ഇൻ ചാർജ്ജ്)	17-12-2024	15-01-2025
ശ്രീ. രാമുണ്ണി. കെ.കെ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	16-01-2025	31-03-2025
ശ്രീ. അനീഷ് ജോസ്	പട്ടികജാതി വികസന ഓഫീസർ	01-04-2024	28-06-2024
ശ്രീ. കിരൺശങ്കർ.എസ്	പട്ടികജാതി വികസന ഓഫീസർ	28-06-2024	31-03-2025
ശ്രീമതി. പ്രജിഷ.പി.പി	ക്ഷീര വികസന ഓഫീസർ	01-04-2024	31-03-2025
ഡോ. കുഞ്ഞിക്കണ്ണൻ	മെഡിക്കൽ ഓഫീസർ (മീനങ്ങാടി സി.എച്ച്.സി)	01-04-2024	28-02-2025
ഡോ. സംഗീത .കെ.വി	മെഡിക്കൽ ഓഫീസർ (മീനങ്ങാടി	01-03-2025	31-03-2025

	സി.എച്ച്.സി)		
ഡോ.സിന്ധു.കെ.വി	സൂപ്രണ്ട് താലൂക്ക് ആസ്ഥാന ആശുപത്രി	01-04-2024	31-03-2025
ശ്രീമതി. രമണി കലങ്ങാടൻ	ശിശുവികസന പദ്ധതി ഓഫീസർ	01-04-2024	09-07-2024
ശ്രീമതി. ബിന്ദു.ടി.കെ	ശിശുവികസന പദ്ധതി ഓഫീസർ	10-07-2024	31-03-2025
ഡോ.സനൽകുമാർ.കെ.പി	മെഡിക്കൽ ഓഫീസർ(സിഎച്ച്സി) അമ്പലവയൽ	01-04-2024	31-03-2025
ശ്രീമതി.ഗിരിജ	വ്യവസായ വികസന ഓഫീസർ	01-04-2024	22-02-2025
ശ്രീമതി. സ്മിത.ജി.എസ്	വ്യവസായ വികസന ഓഫീസർ	23-02-2025	31-03-2025
ഡോ.അസൈനാർ.കെ	സീനിയർ വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീ.മനോജ്. കെ.ജി	പട്ടിക വർഗ്ഗ വികസന ഓഫീസർ	01-04-2024	05-07-2024
ശ്രീ.മജീദ്.എം	പട്ടിക വർഗ്ഗ വികസന ഓഫീസർ	06-07-2024	31-03-2025
ഡോ. സുധീർകുമാർ. കെ.പി	ചീഫ് മെഡിക്കൽ ഓഫീസർ, താലൂക്ക് ആയുർവ്വേദ ആശുപത്രി	01-04-2024	01-08-2024
ഡോ. ബിനോയ്.എ.പി	ചീഫ് മെഡിക്കൽ ഓഫീസർ, താലൂക്ക് ആയുർവ്വേദ ആശുപത്രി	02-08-2024	31-03-2025

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	വാർഷിക കണക്കിലെ വിവിധ ഗ്രാന്റുകളുടെ ചെലവ് തുകയും എ.സി.ആർ പ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	ബാധ്യത തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	വിവിധ ഗ്രാന്റുകളുടെ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-4
6	പ്രത്യേകാവശ്യ ഗ്രാന്റുകൾക്ക് പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല	1-1-5
7	ഇ-ടെണ്ടർ ഫോറം വരവ് ലഭിച്ചിട്ടില്ല	1-1-6
8	വിനിയോഗ വിവരം ലഭ്യമാക്കാത്ത തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)	1-3
11	ഫണ്ട് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	ക്യാഷ് ബാലൻസ് പരിശോധന	1-6
14	ആഭ്യന്തരനിയന്ത്രണസംവിധാനം	1-7
15	ഔദ്യോഗിക വാഹനം വാങ്ങൽ - പഴയ വാഹനം നാളിതുവരെ കണ്ടം ചെയ്തിട്ടില്ല.	1-8
16	ഹെൽത്ത് ഗ്രാന്റ് -അവലോകനം	1-9
17	താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രി ഫയർ ആന്റ് സേഫ്റ്റി പ്രവൃത്തി- പൂർത്തീകരണ വിവരം ലഭിച്ചിട്ടില്ല	1-10
18	പദ്ധതിരൂപീകരണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല,	1-11
19	ചുമതലകളിൽപ്പെടാത്ത പദ്ധതികൾ നടപ്പാക്കുന്നു.	1-12
20	പ്രൊജക്ട് നിർവ്വഹണം-മോണിറ്ററിംഗ് നടക്കുന്നില്ല	1-13
21	ആസ്തിരജിസ്റ്റർ കാലികമാക്കിയില്ല-മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല.	1-14
22	ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ വാർഷികകണക്കുകൾ സമർപ്പിക്കുന്നില്ല.	1-15
23	ഭിന്നശേഷി സ്കോളർഷിപ്പ് -പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- തുക ഗുണഭോക്താക്കൾക്ക് ലഭിച്ചില്ല.	1-16

24	താലൂക്ക് ആശുപത്രിയിൽ സി.സി.ടി.വി സ്ഥാപിക്കൽ - പൂർത്തീകരണവിവരം ലഭ്യമല്ല.	1-17
25	ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു	1-18
26	ഭവന നിർമ്മാണത്തിന് അധികം തുക അനുവദിച്ചു	1-19
27	കെട്ടിട വാടക ഈടാക്കിയിട്ടില്ല	1-20
28	ഇ ടെണ്ടർ ഫീ - ബ്ലോക്ക് പഞ്ചായത്തിൽ വരവ് വരുന്നില്ല.	1-21
29	പ്രൈസ്-3 സോഫ്റ്റ്വെയർ ഓഡിറ്റേഴ്സ് ലോഗിനിൽ അഭിമുഖീകരിക്കുന്ന അപര്യാപ്തതകൾ	1-22
30	മാങ്കൊമ്പ് കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.	1-23
31	കാരാം കൊല്ലി കുടിവെള്ള പദ്ധതി - മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	1-24
32	വെറ്ററിനറി ഹോസ്പിറ്റലിന് കുടിവെള്ള പദ്ധതി - മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	1-25
33	പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാർക്ക് സമയം നീട്ടി നൽകൽ - ₹ 2,83,907/- പിഴയിനത്തിലും ₹ 1,57,217/- ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിലും ഈടാക്കിയിട്ടില്ല.	1-26
34	ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ ഘടക സ്ഥാപനങ്ങളുടെ ചുറ്റുമതിൽ നവീകരണം	1-26-1
35	കൊങ്ങിയമ്പം കോളനി നടപ്പാത കോൺക്രീറ്റിംഗ് മീനങ്ങാടി ഗ്രാമപഞ്ചായത്ത്	1-26-2
36	കുണ്ടിൽ പണിയ കോളനി പൈതൃക ഭവനം	1-26-3
37	മാങ്കൊമ്പ് കുടിവെള്ള പദ്ധതി	1-26-4
38	താലൂക്ക് ഹെഡ്ഡ് ക്വാർട്ടേഴ്സ് ആശുപത്രി കോമ്പൗണ്ട് നവീകരണം	1-26-5
39	അമ്പലവയൽ സി.എച്ച്.സി ചുറ്റുമതിലിന്റെയും കോമ്പൗണ്ടിന്റെയും നവീകരണം	1-26-6
40	ബ്ലോക്ക് പഞ്ചായത്ത് LID&EW കെട്ടിട നിർമ്മാണം	1-26-7
41	സു.ബത്തേരി താലൂക്ക് ഹെഡ്ഡ് ക്വാർട്ടേഴ്സ് ആശുപത്രി വയോജന സൗകര്യമൊരുക്കൽ	1-26-8
42	താഴെ പള്ളവയൽ സാംസ്കാരിക നിലയം നിർമ്മാണം	1-26-9
43	പാമ്പള താളൂർ റോഡ് ടാറിംഗ് അമ്പലവയൽ ഗ്രാ.പ	1-26-10
44	മാറോട് കോളനി അമ്പലം റോഡ് കോൺക്രീറ്റ് നൂൽപ്പുഴ ഗ്രാ.പ	1-26-11
45	കാർഷിക തൊഴിൽ സേനയ്ക്ക് കാർഷിക യന്ത്രം ഉപകരണങ്ങൾ വാങ്ങൽ - ₹ 50,688/- അധികം നൽകി.	1-27
46	അമ്പലവയൽ സി.എച്ച്.സി ലാബ് നവീകരണം - പ്രവർത്തനക്ഷമമായിട്ടില്ല.	1-28

ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	കാർഷിക തൊഴിൽ സേനയ്ക്ക് കാർഷിക യന്ത്രം ഉപകരണങ്ങൾ വാങ്ങൽ - ₹ 50,688/- അധികം നൽകി.	3-1
ഭാഗം 4		
1	മെഡിസെപ്	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ്	4-5
6	വായ്പ/വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	Abstract Of Annual Financial Statement.	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (27.06.2025 ലെ 1/1നമ്പർ തീരുമാനം) 27/06/2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കൽപ്പറ്റ

തീയതി:20.11.2025 സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും ചട്ടം 62(3) പ്രകാരം സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല. വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-2 വാർഷിക കണക്കിലെ വിവിധ ഗ്രാന്റുകളുടെ ചെലവ് തുകയും എ.സി.ആർ പ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിലെ വിവിധ ഗ്രാന്റുകളുടെ ചെലവ് തുകയും എ.സി.ആർ പ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല.

ഇനം	വാർഷിക കണക്ക് തുക	എ.സി.ആർ തുക

വികസന ഫണ്ട് ജനറൽ	3,02,61,380	2,51,65,400
വികസന ഫണ്ട് - എസ്.സി.പി	33,33,373	29,40,600
വികസന ഫണ്ട് -ടി.എസ്.പി	2,58,18,209	1,88,96,000
മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)	3,65,52,753	2,49,79,340

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 4/25.09.2025 നൽകിയ മറുപടിയിൽ 26.03.2025 ന് ശേഷം നൽകിയ ബില്ലുകൾ എ.സി.ആറിൽ ചെലവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ട്രഷറിയിൽ മാറാത്തതിനാലാണ് വ്യത്യാസം വന്നിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്.

1-1-3 ബാധ്യത തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം ബ്ലോക്ക് പ്രോഗ്രാം ഓഫീസിലേക്ക് അഡ്വാൻസ് ചെയ്ത തുകയിൽ തിരികെ ലഭിക്കാൻ അവശേഷിക്കുന്ന തുക 9,35,725 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വാർഷിക കണക്കിലെ B18 ബാധ്യതയായി രേഖപ്പെടുത്തിയ തുക 20,60,921 രൂപയാണ്.

1-1-4 വിവിധ ഗ്രാന്റുകളുടെ തുകകൾ പൊരുത്തപ്പെടുന്നില്ല

പ്രത്യേകാവശ്യങ്ങൾക്കുള്ള വിവിധ ഗ്രാന്റുകളുടെ B4 ലെ തുകയും B17 ലെ തുകയും പൊരുത്തപ്പെടുന്നില്ല.

ഇനം	B4 ലെ തുക	B17 ലെ തുക	വ്യത്യാസം
ടി.എസ്.സി	39,15,725	41,36,638	220913
എം.പി.എൽ.എ.ഡി.എസ്	1,286	2,893	1607

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 4/25.09.25 ന് നൽകിയ മറുപടിയിൽ പലിശയിനത്തിലുള്ള തുകയാണ് വ്യത്യാസം വന്നതെന്ന് അറിയിച്ചിട്ടുണ്ട്.

1-1-5 പ്രത്യേകാവശ്യ ഗ്രാന്റുകൾക്ക് പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 13(4)(ബി) പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്ക് പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

ഇനം	B4 ലെ തുക
ജോയിന്റ് വെഞ്ചർ (ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത്)	13,09,711
എൻ.ആർ.എച്ച്.എം	9,90,811

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 4/25.09.25 ന് നൽകിയ മറുപടിയിൽ പ്രത്യേകം അക്കൗണ്ടുകൾ ആരംഭിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-1-6 ഇ-ടെണ്ടർ ഫോറം വരവ് ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ വിവിധ നിർമ്മാണ പ്രവൃത്തികളുടെ ഫോറം വില ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ഈ തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-7 വിനിയോഗ വിവരം ലഭ്യമാക്കാത്ത തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയെങ്കിലും ഇവ വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ (B8) പ്രതിഫലിച്ചിട്ടില്ല.

പ്രവൃത്തിയുടെ പേര്	അനുവദിച്ച തുക	B8 ലെ തുക
താലൂക്ക് ഹോസ്പിറ്റൽ ഫയർ ആന്റ് സേഫ്റ്റി പ്രവൃത്തി	15,00,000	0

വാർഷിക കണക്കിലെ മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ അന്വേഷണക്കുറിപ്പ് നം 4/23.09.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

1-2 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 15.02.2024 ലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വിവരം ചുവടെ കൊടുക്കുന്നു.

	ബജറ്റ്	പുതുക്കിയ ബജറ്റ്
മുൻ ബാക്കി	69,65,910	74,92,942
വരവ്	82,06,09,030	82,10,41,030
ആകെ	82,75,74,940	82,85,33,972
ചെലവ്	82,65,46,200	82,55,46,200
നീക്കിബാക്കി	10,28,740	29,87,772

19.03.2025 ലെ 1ാം നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകി.

1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

ബ്ലോക്ക് പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ (രസീത് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരം) ചുവടെ കൊടുക്കുന്നു.

മുന്നിരിപ്പ്	1,61,21,841
വരവ്	16,16,85,633
ആകെ	17,78,07,474
ചെലവ്	14,85,34,719
നീക്കിയിരിപ്പ്	2,92,72,755

1-4 ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് വിനിയോഗം സംബന്ധിച്ച ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള വിവരം ചുവടെ കൊടുക്കുന്നു.

	ഒ.ബി	വരവ്/ അലോട്ട്മെന്റ്	ആകെ	ചെലവ്	സി.ബി/ ലാപ്സ്
വികസന ഫണ്ട്-ജനറൽ	0	3,76,88,906	3,76,88,906	3,02,61,380	7,42,7526
വികസന ഫണ്ട്-എസ്.സി.പി	0	44,70,094	44,70,094	33,33,373	11,36,721
വികസന ഫണ്ട്-ടി.എസ്.പി	0	2,83,44,000	2,83,44,000	2,58,18,209	25,25,791

മെയിന്റനൻസ്, നോൺ-റോഡ്	0	3,74,69,000	3,74,69,000	3,65,52,753	9,16,247
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant)	0	64,55,308	64,55,308	40,48,768	24,06,540
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)	0	1,41,98,243	1,41,98,243	63,06,955	78,91,288

ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക നിക്ഷേപിച്ചിട്ടുള്ള ബാങ്ക് പത്രിക പ്രകാരം 31.03.2025 ൽ 1,83,75,739 രൂപ നീക്കിയിരിപ്പുണ്ട് (അക്കൗണ്ട് നം. 39560). ഈ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

2024-25 വർഷം വിവിധ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
204	39,14,23,936	145	13,26,30,027	59	71%

നിർവഹണോദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ	13	13	1,55,76,343	1,49,33,711	95.87
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മീനങ്ങാടി	16	9	65,06,543	37,08,732	57
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., അമ്പലവയൽ	7	7	43,02,811	41,35,302	96.10
മെഡിക്കൽ ഓഫീസർ, ആയുർവേദം	3	3	28,32,868	28,32,860	99.99
അസി.ഡയറക്ടർ കൃഷി	4	4	64,08,241	62,99,441	98.30
സീനിയർ വെറ്റിനറി സർജൻ	10	10	99,92,789	94,17,152	94.23
ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	4	3	2,63,03,727	49,41,250	18.78
അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി	100	63	7,21,83,638	3,95,18,654	54.74
പട്ടികജാതി വികസന ഓഫീസർ	3	3	20,75,609	14,10,000	67.93
പട്ടികവർഗ്ഗ വികസന ഓഫീസർ	3	3	13,26,060	12,80,237	96.54
സി.ഡി.പി.ഒ.	4	3	26,50,000	22,01,557	83.07
സെക്രട്ടറി	37	24	24,12,63,307	4,19,51,131	17.38
ആകെ	204	145	39,14,23,936	13,26,30,027	33.88

1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26/09/2025 1.00 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പില്ലാത്തത് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-7 ആഭ്യന്തരനിയന്ത്രണസംവിധാനം

മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പു വരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചു കൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

നാല് പഞ്ചായത്തുകളും 13 ഡിവിഷനുകളും ഉൾപ്പെടുന്ന സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് 529.75 ച.കി.മീറ്ററിലായി വ്യാപിച്ചുകിടക്കുന്നു. നാല് പ്രമുഖ ആരോഗ്യസ്ഥാപനങ്ങളാണ് ബ്ലോക്ക്പഞ്ചായത്തിൽ ഉള്ളത്. ബ്ലോക്ക് പഞ്ചായത്തിൽ 2024-25 വർഷത്തിൽ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ് ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. മുൻകൂർ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

പ്രൊക്യൂർമെന്റ് കമ്മിറ്റി 2024-25ൽ 5 തവണ യോഗം ചേർന്നിട്ടുണ്ട്.മിനുട്സുബുക്ക് ശരിയായി രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്.പദ്ധതി നിർവഹണം സംബന്ധിച്ച മിക്ക ഫയലുകളിലും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നിർവഹണം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. വിവിധ വാങ്ങലുകളിലൂടെ നിർവഹണഉദ്യോഗസ്ഥർ ആർജ്ജിക്കുന്ന ആസ്തികളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിലും ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിലും ഉൾപ്പെടുത്തി കൃത്യമായ കണക്കുകൾ തയ്യാറാക്കേണ്ടതുണ്ട്.ആസ്തിസംരക്ഷണത്തിന് പദ്ധതി തയ്യാറാക്കി ആസ്തികൾ സംരക്ഷിക്കേണ്ടതാണ്

സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കെ സ്മാർട്ട് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിക്കാൻ തുടങ്ങിയിട്ടില്ല. തനത് വരുമാനവർദ്ധനവിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ പലതിലും മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. കൃത്യമായ ഇടവേളകളിൽ പ്രോജക്ടുകൾ വിലയിരുത്തി ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകനത്തിന് വിധേയമാക്കുന്നില്ല. ഭരണസമിതി തൻവർഷം 22 യോഗങ്ങളും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി 20 തവണയും ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി 17 തവണയും വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി 19 തവണയും ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി 16 തവണയുംയോഗം ചേർന്നിട്ടുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സുകൾഎഴുതിസൂക്ഷിച്ചിട്ടുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സുകൾ സകർമ്മസോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.തൻവർഷം മാസ്റ്റർ ഇൻകംബൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്.ഓഫീസ് മീറ്റിംഗുകൾ കൃത്യമായി ചേരുകയും ചുമതലകൾ ഏൽപ്പിച്ചുനൽകുന്നത് ഓഫീസ് ഓർഡർ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളും ജനറൽ മിനുട്സും എഴുതിസൂക്ഷിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. വിവിധ ഗ്രാമപഞ്ചായത്തുകളിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നുണ്ടെങ്കിലും അതൊന്നും ഗ്രാമപഞ്ചായത്തിനെ അറിയിച്ച് അവരുടെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. അപാകങ്ങൾ പരിഹരിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

1-8 ഔദ്യോഗിക വാഹനം വാങ്ങൽ - പഴയ വാഹനം നാളിതുവരെ കണ്ടം ചെയ്തിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-12-D-6978 നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി 15 വർഷം പൂർത്തിയായതിനാൽ കണ്ടം ചെയ്യുന്നതിനും പകരം പുതിയ വാഹനം വാങ്ങുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഭരണസമിതിയുടെ 06.06.2024 ലെ തീരുമാനം 15(1) പ്രകാരം വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. പ്രോജക്ട് നം.34/25 പ്രകാരം തനത് ഫണ്ടിൽ നിന്നും 12,18,140 രൂപ ചെലവഴിച്ച് പുതിയ വാഹനം വാങ്ങിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്ട്. നം, പേര്	S-34/25, ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ
അടങ്കൽ	13,00,000 (ജനറൽ പർപ്പസ് ഗ്രാന്റ്)
ചെലവ്	12,18,140
നിർവ്വഹണം	സെക്രട്ടറി
ബിൽ നം തിയ്യതി	22400078/26.07.2024- 9,72,599 22400079/26.07.2024- 15,079 22400034/24-25/01.08.2024- 29,257 22400037/24-25/12.08.2024- 31,000 22400039/24-25/19.08.2024- 1,65,745 22400053/24-25/09.09.2024- 4,460

ജി.ഒ(എം.എസ്).188/2022/ഫിൻ തിയ്യതി 26.10.2022 പ്രകാരം വാഹനങ്ങൾ ഇ-ഓക്ഷൻ MSTC Ltd, GeM, NIC മുഖേനയാണ് ചെയ്യേണ്ടത്. ജി.ഒ(പി).27/2025/ഫിൻ തിയ്യതി 18.03.2025പ്രകാരം കണ്ടം ചെയ്യുന്ന വാഹനങ്ങളുടെ വിവരം ' വീൽസ് ' സോഫ്റ്റ് വെയറിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. ഖണ്ഡിക II പ്രകാരം വാഹനം വിൽക്കുന്നതിന് 14 വർഷം കഴിയുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതും 14 വർഷം 6 മാസം കഴിയുമ്പോൾ വിൽക്കാവുന്നതുമാണ്. KL-12-D-6978 നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി അവസാനിക്കുന്നത് 05.05.2024 നാണ്. വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ 31.07.2025 ന് മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. പുതിയ വാഹനം വാങ്ങി ഒരു വർഷത്തിന് ശേഷവും കണ്ടം ചെയ്യുന്ന നടപടികൾ പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻകയറി നം. 5/25.09.25 നൽകി. ഇതിനുള്ള മറുപടിയിൽ കണ്ടം ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വാഹനം കണ്ടം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-9 ഹെൽത്ത് ഗ്രാന്റ് -അവലോകനം

സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ അവലോകനം

സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ പല പദ്ധതികളും ഫലപ്രാപ്തിയിലെത്തിയതായോ ഗുണഭോക്താക്കൾക്ക് ഗുണങ്ങൾ ലഭിച്ചതായോ കാണുന്നില്ല.ഓരോ വർഷവും ഹെൽത്ത് ഗ്രാന്റിൽ നിന്ന് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2022-23

ക്രമനമ്പർ	പ്രോജക്ട്	അടങ്കൽ	ചെലവഴിച്ച തുക	നീക്കിയിരിപ്പ്	നടപ്പാക്കിയ പ്രവർത്തനങ്ങൾ	റിമാർക്സ്

1	ബ്ലോക്ക് പബ്ലിക് ഹെൽത്ത് ലാബ് നവീകരണം,ക്യാബിൻ പാർട്ടീഷനിംഗ്,റാക്ക് സെറ്റിംഗ് ,സി.എച്ച്.സി.മീനങ്ങാടി	8,00,000	397575	402425	ക്യാബിൻ പാർട്ടീഷനിംഗ്, റാക്ക് സെറ്റിംഗ്	നിലവിൽ പ്രവർത്തിക്കാൻ തുടങ്ങിയിട്ടില്ല
2	ഹെൽത്ത് ലാബ് നവീകരണം	650000	650000	0	ഉപകരണങ്ങൾ,AC, റീയേജന്റുകൾ എന്നിവ വാങ്ങി	
3	ബ്ലോക്ക് ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം നടത്തിപ്പ് ഉപകരണങ്ങൾ വാങ്ങൽ	975000	721058	253942	ലാപ്ടോപ്പുകൾ , പ്രിന്ററുകൾ എന്നിവ വാങ്ങി	

2022-23 വർഷം ആരംഭിച്ച പ്രവൃത്തി നാളിതുവരെയും പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് ഉപകാരപ്രദമായില്ലയെന്നത് പരിശോധിക്കപ്പെടേണ്ട വിഷയമാണ്.

2023-24

ക്രമനമ്പർ	പ്രോജക്ട്	അടങ്കൽ	ചെലവഴിച്ച തുക	നീക്കിയിരിപ്പ്	പ്രവർത്തനങ്ങൾ	
1	ബ്ലോക്ക് ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം നടത്തിപ്പ് ഉപകരണങ്ങൾ വാങ്ങൽ	151900	151900	0	ലാൻ വയറിംഗിനു വേണ്ടി പി.ബ്ലൂ.ഡിയിൽ തുക ഡെപ്പോസിറ്റ് ചെയ്തു	പൂർത്തീകരണവിവരം ലഭ്യമല്ല
2	ബ്ലോക്ക് പബ്ലിക് ഹെൽത്ത് ലാബ് നവീകരണം,ക്യാബിൻ പാർട്ടീഷനിംഗ്,റാക്ക് സെറ്റിംഗ് ,സി.എച്ച്.സി.മീനങ്ങാടി	264869	264869	0	ക്യാബിൻ പാർട്ടീഷനിംഗ്, റാക്ക് സെറ്റിംഗ്	നിലവിൽ പ്രവർത്തിക്കാൻ തുടങ്ങിയിട്ടില്ല
3	മീനങ്ങാടി സി.എച്ച്.സിയിലേക്ക് യു.പി.എസ്.വാങ്ങൽ	200,000	199990	10	യു.പി.എസ്. വാങ്ങൽ	നിലവിലും ഇൻസ്റ്റാൾ ചെയ്തിട്ടില്ല
4	മീനങ്ങാടി സി.എച്ച്.സിയിലേക്ക് യു.പി.എസ്.വയറിംഗ്	164598	0	164598	നടപ്പാക്കിയിട്ടില്ല	-

ക്രമനമ്പർ (1) പ്രകാരമുള്ള , ബ്ലോക്ക് ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം നടത്തിപ്പ് ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയുടെ നിർവഹണോദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയാണ്.തുക പി.ബ്ലൂ.ഡിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പദ്ധതി നടപ്പാക്കിയതിന്റെ പൂർത്തീകരണവിവരങ്ങളോ മൂല്യനിർണ്ണയസാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല.

2024-25

നിർവഹണം-സെക്രട്ടറി

ക്രമ നമ്പർ	പ്രോജക്ട്	അടങ്കൽ	ചെലവഴിച്ച തുക	വൗച്ചർ നമ്പർ	നീക്കിയിരിപ്പ്	
1	മീനങ്ങാടി സി.എച്ച്.സിയിലേക്ക് യു.പി.എസ്.വയറിംഗ്	164598	54049	BP-2024-25-1/12/11/24	110549	പദ്ധതി പൂർത്തീകരിച്ചിട്ടില്ല

രണ്ട് ലാബുകൾക്കായി തുക ചെലവഴിച്ചുവെങ്കിലും ഒരു ലാബ് നിലവിലും പ്രവർത്തിക്കാൻ തുടങ്ങിയിട്ടില്ല.യു.പി.എസ്. വാങ്ങിയെങ്കിലും യു.പി.എസ്.വയറിംഗ് പൂർത്തീകരിച്ചിട്ടില്ല.ആയതിനാൽ തന്നെ യുപിഎസ് ഇൻസ്റ്ററാൾ ചെയ്തിട്ടില്ല.ലാൻ വയറിംഗിന് തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും പദ്ധതിപൂർത്തീകരണവിവരങ്ങൾ ലഭ്യമല്ല.2022-23 ൽ ആരംഭിച്ച പ്രവൃത്തി പോലും നിലവിലും പൂർത്തീകരിച്ചിട്ടില്ല. എല്ലാ പ്രവൃത്തികളും മീനങ്ങാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആണ് നടപ്പാക്കാൻ ഉദ്ദേശിച്ചതായി കാണുന്നത്.2023-24 വർഷം വാങ്ങിയ യു.പി.എസ്.,വയറിംഗ് പൂർത്തിയാക്കാത്തതിനാൽ നാളിതുവരെയും ഇൻസ്റ്റാൾ ചെയ്യാൻ കഴിയാത്തത് പദ്ധതിമോണിട്ടറിംഗിലുള്ള വീഴ്ച ആയി ഓഡിറ്റ് വിലയിരുത്തുന്നു.തൻവർഷം ചെലവഴിച്ച 54049 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ,ചെലവഴിച്ച തുക,ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച് മോണിട്ടറിംഗ് നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-10 താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രി ഫയർ ആന്റ് സേഫ്റ്റി പ്രവൃത്തി- പൂർത്തീകരണ വിവരം ലഭിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള സുൽത്താൻ ബത്തേരി താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രിയിൽ ഫയർ ആന്റ് സേഫ്റ്റി പ്രവൃത്തികൾക്കായി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്ട്. നം, പേര്	S-228/25, സുൽത്താൻ ബത്തേരി താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രിയിൽ ഫയർ ആന്റ് സേഫ്റ്റി പ്രവൃത്തികൾ
അടങ്കൽ	15,00,000
ചെലവ്	15,00,000
നിർവ്വഹണം	സെക്രട്ടറി
ബിൽ നം തിയ്യതി	241803630034012057 31/21.01.25

ഇലക്ട്രിക്കൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 331/2024-DB1/02.12.24 പ്രകാരം ലഭ്യമായിട്ടുണ്ട്. ഇത് പ്രകാരം

എസ്റ്റിമേഷൻ PAC - 11,34,700

L S - 1,60,000

നികുതി - 2,04,246

ആകെ- 14,98,946

15,00,000 രൂപ "8443-00-108-00-00-PW Department" എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. മേൽ പദ്ധതിക്കായി നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ പൂർത്തീകരണ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. ന്യൂനതകൾക്കുള്ള വിശദീകരണത്തിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 15/26.09.25 നൽകി. ഇതിന് സമർപ്പിച്ച മറുപടി പ്രകാരം ബന്ധപ്പെട്ട വകുപ്പിൽ നിന്നും വിനിയോഗം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ/പൂർത്തീകരണ വിവരം ഹാജരാക്കേണ്ടതാണ്. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവഴിച്ച തുക 15,00,000 തടസ്സപ്പെടുത്തുന്നു.

1-11 പദ്ധതിരൂപീകരണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല,

വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമ സഭാ മിനുട്ട്സ്, വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് എന്നിവയുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ സ.ഉ. (കൈ)നം. 84/2022/തസ്വഭവ തിയ്യതി 19.4.2022 ലെ മാർഗ്ഗരേഖ ഖ. 3.4.3.(2) പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകുന്ന നിർദ്ദേശങ്ങൾ, ഗ്രാമസഭകൾക്ക് സമാനമായി ബ്ലോക്ക് പഞ്ചായത്തിൽ സംഘടിപ്പിക്കുന്ന യോഗത്തിലെ ശുപാർശകൾ, ബ്ലോക്ക് പഞ്ചായത്ത് വികസന സെമിനാറിൽ അവതരിപ്പിച്ച് രൂപം നൽകുന്ന നിർദ്ദേശങ്ങൾ, ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വികസന ആവശ്യങ്ങൾ എന്നിവ പരിഗണിച്ചാണ് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്.

മേൽ പദ്ധതി രേഖയിലെ ഖണ്ഡിക 3.2.4(1) പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ ജനപ്രതിനിധികളെയും

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെയും ജില്ലാ പഞ്ചായത്തുകളിലെയും ജനപ്രതിനിധികളെയും ഗ്രാമപഞ്ചായത്തുകളിലെ ആസൂത്രണ സമിതി ഉപാധ്യക്ഷൻമാരെയും ബ്ലോക്ക് പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരെയും പങ്കെടുപ്പിച്ചുകൊണ്ടാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമസഭ യോഗം ചേരേണ്ടത്. ഗ്രാമസഭ മിനുട്ട്സിനുള്ള രജിസ്റ്റർ പരിശോധിച്ചതിൽ പങ്കെടുത്ത ആളുകളുടെ പേരും ഒപ്പും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ആരൊക്കെയാണ് യോഗത്തിൽ പങ്കെടുത്തതെന്ന് വ്യക്തമല്ല. അതേ പോലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും വന്ന നിർദ്ദേശങ്ങളോ സംയുക്ത പ്രോജക്ടുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതകളോ ഒന്നും തന്നെ മിനുട്ട്സായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 23/29.09.2025 ന് മറുപടി നൽകിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

1-12 ചുമതലകളിൽപ്പെടാത്ത പദ്ധതികൾ നടപ്പാക്കുന്നു.

വിവിധ മേഖലകളിൽ ഓഡിറ്റ് വർഷം ആസൂത്രണം ചെയ്ത് നിർവ്വഹിച്ച പദ്ധതികൾ മിക്കതും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 172 (1) പട്ടിക IV പ്രകാരം സ്ഥാപനത്തിന്റെ മേഖലാപരമായ ചുമതലകളിൽ പെടാത്തവയാണ്.

പട്ടികപ്രകാരമുള്ള ചുമതലകളും നിർവഹിച്ച പദ്ധതികളും തമ്മിൽ ശ്രദ്ധയിൽപ്പെട്ട വ്യത്യാസം ചുവടെ ചേർക്കുന്നു.

മേഖല	നിർവ്വഹണോദ്യോഗസ്ഥൻ	ആസൂത്രണം നടത്തിയ പ്രോജക്ടുകൾ	മേഖലയിലെ ചുമതലകൾ (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172(1), പട്ടിക 4 പ്രകാരമുള്ളത്)
കാർഷികം	കൃഷി അസി. ഡയറക്ടർ	1.കാർഷികതൊഴിൽ സേനക്ക് ഉപകരണങ്ങൾ വാങ്ങുക 2.നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി	എ) ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക ബി) ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്ക് അവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക സി) കാർഷിക പ്രദർശനങ്ങൾ നടത്തുക ഡി) ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക ഇ) കാർഷിക വായ്പ സ്വരൂപിക്കുക എഫ്) പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക
മൃഗസംരക്ഷണവും ക്ഷീരോത്പാദനവും	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1.പാലിന് സബ്സിഡി 2.പോളി ക്ലിനിക് നടത്തുക	1) വെറ്റിനറി പോളിക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങളും നടത്തുക 2) മൃഗസംരക്ഷണത്തിൽ വിദഗ്ദസേവനം നൽകുക 3) കന്നുകാലി കോഴി പ്രദർശനങ്ങൾനടത്തുക
ചെറുകിട ജലസേചനം	അസി.എഞ്ചിനീയർ	കുളം നവീകരണം ഒരു ഗ്രാമപഞ്ചായത്തിൽ ഒതുങ്ങിനിൽക്കുന്ന പദ്ധതികൾ	ഒന്നലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക
മത്സ്യബന്ധനം	ഫിഷറീസ് സബ് ഇൻസ്പെക്ടർ	പദ്ധതികൾ നടപ്പാക്കിയിട്ടില്ല	പരമ്പരാഗത കടവുകളുടെ വികസനം

ചെറുകിട വ്യവസായം	ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	1.വനിതാതൊഴിൽ സംരംഭം	1) മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക 2) വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക 3) SSIയുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടു കൂടിയ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക
ഭവന നിർമ്മാണം	സെക്രട്ടറി	1.പി.എം.എ,വൈ 2.ലൈഫ് ഭവനനിർമ്മാണ ധനസഹായം	1) ചെലവ് കുറഞ്ഞ ഭവന നിർമ്മാണം പ്രോത്സാഹിപ്പിക്കുക 2) ഭവന നിർമ്മാണം സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക
വിദ്യുച്ഛക്തിയും ഊർജ്ജവും	അസി.എക്സി. എഞ്ചിനീയർ	ഏറ്റെടുത്തിട്ടില്ല	1) പാരമ്പ്യേതര ഊർജ്ജ്യ സ്രോതസ്സുകൾ വികസിപ്പിക്കുക
വിദ്യഭ്യാസം	സെക്രട്ടറി	ഏറ്റെടുത്തിട്ടില്ല	സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ്
പൊതു മരാമത്ത്	അസി.എക്സി. എഞ്ചിനീയർ/ എ ഇ	1.ഗ്രാമപഞ്ചായത്തുകൾ പ്രവൃത്തി നൽകുന്നതിനായി വിട്ടുനൽകിയ റോഡുകളിൽ പ്രവൃത്തിലനടത്തുക 2.കൈമാറ്റം ചെയ്ത സ്ഥാപനങ്ങൾക്കുള്ള നിർമ്മാണങ്ങൾ	1) ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും സ്ഥാപനത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക 2) സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക
പൊതുജനാരോഗ്യവും ശുചീകരണവും	സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ	താലൂക്ക് ആശുപത്രി നടത്തിപ്പ്	1) ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാതരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക
സാമൂഹ്യ ക്ഷേമം	സി ഡി പി ഒ	പഞ്ചായത്തുകൾ ക്ക് വിഹിതം നൽകുക	ഐ.സി.ഡി .എസുകൾ നടത്തുക
ദാരിദ്ര്യ നിർമ്മാർജ്ജനം	സെക്രട്ടറി	ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയതായി കാണുന്നില്ല	1) ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക 2) പാവപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുകയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് വേതനത്തോടു കൂടിയ തൊഴിൽ നല്കുകയും ചെയ്യുക
പട്ടികജാതി പട്ടിക വർഗ്ഗ വികസനം	പട്ടിക ജാതി വികസന ഓഫീസർ	പഠനമുറി നിർമ്മാണം	1) പ്രീമെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക 2) പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക

സഹകരണം	ഇന്റേണൽ ഓഡിറ്റ് ഓഫീസർ	1.വനിതാതൊഴിൽ സംരംഭം	1)ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക 2)സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക

നാലാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞ മേല്പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിന്റെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് ബ്ലോക്ക് പഞ്ചായത്തിന്റെ കർത്തവ്യമാണെന്ന് സെക്ഷൻ 172(1) നിഷ്കർഷിച്ചതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആകെ 204പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ പരിമിതമായത് മാത്രമാണ് സ്വന്തം കർത്തവ്യം നിറവേറ്റാൻ ഉദ്ദേശിച്ചുള്ളതെന്ന് ചെലവു പത്രിക സാക്ഷ്യപ്പെടുത്തുന്നുണ്ട്. കൈമാറിക്കിട്ടിയ മേല്പറഞ്ഞ മേഖലകളിലെ ആവശ്യകത തിരിച്ചറിയുന്നതിന് സഹായകമായ വിവരങ്ങളും സ്ഥിതിവിശേഷങ്ങളും പ്രതിപാദിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് അടിസ്ഥാനമാക്കിയല്ല പ്രൊജക്ട് രൂപീകരണം നടന്നതെന്നും ഇവിടെ ശ്രദ്ധേയമാണ്.

മേൽ പരാമർശിച്ച മേഖലാപരമായ ചുമതലകളല്ലാതെ പൊതുവായ ചില ചുമതലകളും നാലാം പട്ടികയിൽ പരാമർശിച്ചിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു.

1. ബ്ലോക്ക് തലത്തിൽ സർക്കാർ, സർക്കാരിതര സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തുക

2. ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതികസഹായം നല്കുക

3. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ് ഫോർവേർഡ് ലിങ്കേജ് നൽകുകയും ചെയ്യുക

മേല്പറഞ്ഞതിൽ ക്രമനമ്പർ 1, 2 എന്നിവ സാധ്യമാകാൻ പ്രോജക്ടുകൾ നിർബന്ധമല്ല. എന്നാൽ സാങ്കേതികത്വം പരിശീലിപ്പിക്കാൻ പ്രൊജക്ടുകൾ ആവശ്യമാണെന്നും കാണാം. കൃഷി, മൃഗസംരക്ഷണം, ചെറുകിട വ്യവസായം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഇത്തരത്തിലുള്ള സാങ്കേതിക വൈദഗ്ധ്യം, സാങ്കേതിക സഹായം കൈമാറേണ്ടത് മേഖലകളുടെ വികാസത്തിന് അത്യന്താപേക്ഷിതമാണ്. എന്നാൽ ഇതിനാവശ്യമായ ശ്രമങ്ങളോ പ്രോജക്ടുകളോ സ്ഥാപനം പരിഗണിച്ചിട്ടില്ല. പൊതുവായ ചുമതലകളിൽ ക്രമനം 3 പ്രകാരമുള്ള ചുമതലയിലും, സബ്സിഡി മാർഗ്ഗരേഖയിലെ സാധ്യതകളിലും ഊന്നിയാണ് വാർഷിക പദ്ധതി രൂപീകരിച്ചിരിക്കുന്നതെന്ന് അംഗീകരിക്കപ്പെട്ട പ്രോജക്ടുകൾ പരിശോധിച്ചാൽ വ്യക്തമാകുന്നു. ഇതുകൊണ്ട് തന്നെ മിക്ക മേഖലകളിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ അവഗണിക്കപ്പെട്ടു. ഇത് ഈ മേഖലകളുടെ വികാസത്തിന് തടസ്സം നില്ക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്. കൂടാതെ അപാകത പരിഹരിക്കാൻ തുടർ വർഷങ്ങളിൽ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-13 പ്രൊജക്ട് നിർവ്വഹണം-മോണിറ്ററിംഗ് നടക്കുന്നില്ല

പ്രൊജക്ട് പൂർത്തീകരണ ഫോറം, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ പ്രൊജക്ട് ഫയലിൽ ലഭ്യമല്ല. അതിനാൽ പണം ചെലവഴിച്ച പ്രൊജക്ടുകളുടെ കാര്യത്തിൽ അവ യഥാർത്ഥത്തിൽ പൂർത്തീകരിച്ചെന്നോ, തൃപ്തികരമായി നിർവ്വഹിച്ചെന്നോ ഉറപ്പുവരുത്താനാകുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, വികസന സെമിനാർ മിനുട്സ് എന്നിവ പരിശോധിച്ചതിൽ 2024-25 വർഷത്തെ വികസന സെമിനാർ 25/01/24 ന് നടന്നതായി മിനുട്സുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2024-25 വർഷത്തെ പദ്ധതിരൂപീകരണം 15/12/23 ലെ ,വിവിധ വർക്കിംഗ് ഗ്രൂപ്പുയോഗങ്ങളിൽ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

2024-25 വർഷത്തെ പദ്ധതിനടത്തിപ്പ് മോണിട്ടറിംഗ് നടന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.കൂടാതെ പദ്ധതി ഫയലുകളിൽ മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടുമില്ല.2024-25 വർഷം വർക്കിംഗ് ഗ്രൂപ്പുകൾ ഒരു തവണ മാത്രമാണ് യോഗം ചേർന്നത്.അതായത് 2025-26 വർഷത്തെ പദ്ധതിരൂപീകരണം എന്ന ചർച്ച മാത്രമാണ് നടന്നത്.വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിലും മിനുട്സുകൾ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തുന്നതിലും കൺവീനർമാർ ശ്രദ്ധ പുലർത്തിയിട്ടുമില്ല,

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട വിവിധതലങ്ങളിൽ സംഭവിച്ച അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ-13/29.09.25 പ്രകാരം ശ്രദ്ധയിൽപെടുത്തിയെങ്കിലും മറുപടി നൽകിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം വിശദീകരണം നൽകേണ്ടതാണ്.

1-14 ആസ്തിരജിസ്റ്റർ കാലികമാക്കിയില്ല-മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല.

സ.ഉ.(കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ

കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കിയതായി കാണുന്നില്ല.

റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ടെങ്കിലും മെയിന്റനൻസ് പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭിച്ചിട്ടില്ല. ആസ്തികളുടെ നിർമ്മാണം, പരിപാലനം, കയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി പ്രവൃത്തികൾക്ക് മുൻഗണനാക്രമം പാലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും 20.01.17 ലെ ജി.ഒ.(ആർ.ടി)1652/15/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വലിലെ ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ (ഖണ്ഡിക 7-6) രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ വിവിധവർഷങ്ങളിൽ വിവിധ പ്രോജക്ടുകളിലായി പല ആസ്തികളും ആർജ്ജിക്കുന്നുണ്ടെങ്കിലും സ്ഥാപനങ്ങളിൽ കൃത്യമായി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അപ്രകാരമുള്ള ആസ്തികളുടെ വിവരങ്ങളും ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നമ്പർ -12/29.09.25 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിലും ശ്രദ്ധ പതിയേണ്ടതുണ്ട്. അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

1-15 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ വാർഷികകണക്കുകൾ സമർപ്പിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 173എ, സ.ഉ(എം.എസ്) നം. 125/2010/തസ്വഭവ തിയതി 15-6-2010 (എസ്.ആർ.ഒ നം.598/2010) എന്നിവ പ്രകാരം രൂപീകരിക്കപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ഓരോ വർഷത്തെയും വരവുചെലവുകണക്കുകൾ സാമ്പത്തിക വർഷം അവസാനിച്ച് നാലുമാസത്തിനകം ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു.എന്നാൽ അമ്പലവയൽ, മീനങ്ങാടി സി.എച്ച്.സി.കൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചതായി കാണുന്നില്ല. സുൽത്താൻ ബത്തേരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ 2023-24 വർഷത്തെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുകയും ഓഡിറ്റ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം വരെയുള്ള കണക്കുകളും 2024-25 വർഷത്തെ കണക്കുകളും യഥാസമയം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

നാളിതുവരെയുള്ള വാർഷികകണക്കുകൾ ഓഡിറ്റിന് സമർപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ദൈനംദിനചെലവുകൾക്ക് അനുവദിക്കുന്ന തുകകൾ എച്ച്.എം.സി.ഫണ്ടിലേക്ക് റീകൂപ്പ് ചെയ്യുന്ന സാഹചര്യത്തിൽ, ദൈനംദിനചെലവുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് നൽകുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ആശുപത്രി മാനേജ്മെന്റ് സമിതികളുടെ വാർഷികകണക്കുകൾ കൂടിയേ തീരൂ.അമ്പലവയൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് 7,00,000 രൂപയും മീനങ്ങാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് 681223 രൂപയും തൻവർഷം ദൈനംദിനച്ചെലവുകൾക്ക് പ്രോജക്ട് പ്രകാരം നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ -7/26.09.25,08/26.09.25 പ്രകാരം വിവരം ശ്രദ്ധയിൽപെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.എച്ച്.എം.സി.കളുടെ വാർഷികകണക്കുകൾ അടിയന്തിരമായി ഓഡിറ്റിന് സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ഭിന്നശേഷി സ്കോളർഷിപ്പ് -പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- തുക ഗുണഭോക്താക്കൾക്ക് ലഭിച്ചില്ല.

തൻവർഷം വിഭിന്നശേഷി സ്കോളർഷിപ്പ് -പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ പദ്ധതിയിൽ പഞ്ചായത്തുകൾക്ക് കൈമാറിയ വിഹിതം പൂർണ്ണമായും ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല,

പ്രോജക്ട് നമ്പർ	227/25,
പ്രോജക്ടിന്റെ പേര്	വിഭിന്നശേഷി സ്കോളർഷിപ്പ് -പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ
അടങ്കൽ	19,50,000
ചെലവ്	19,50,000
ഫണ്ട്	വികസനഫണ്ട്(ജനറൽ)
നിർവഹണ ഉദ്യോഗസ്ഥൻ	സി.ഡി.പി.ഒ

മേൽ പദ്ധതിയിലുൾപ്പെടുത്തി നെന്മേനി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 675000 രൂപ കൈമാറിയതിന്റെ വിനിയോഗവിവരം പരിശോധിച്ചതിൽ ചില ഗുണഭോക്താക്കളുടെ തുകകൾ, ബാങ്ക് അക്കൗണ്ട് നമ്പറിലെ അപാകത കാരണം സർക്കാരിലേക്ക് തിരിച്ചു പോയതായി കണ്ടു.തുകകൾ ഗുണഭോക്താക്കൾക്ക് ലഭ്യമായ വിവരം മോണിട്ടറിംഗ് നടത്തി അതാത് സാമ്പത്തികവർഷത്തിൽ അക്കൗണ്ട് ശരിയായി മാറ്റി നൽകാത്തതിനാലാണ് ഇത് സംഭവിച്ചത്.വിതരണം ചെയ്യാൻ കഴിയാത്ത തുകകളുടെ വിവരം ഇപ്രകാരമാണ്.

ക്രമനമ്പർ	ഗുണഭോക്താവ്	തുക	ബിൽനമ്പർ Lതീയതി
1	ആരിഫ്	12000	323/23/11/24
2	ആയിഷ മെഹന.ടി.ടി	12000	323/23/11/24

ഓഡിറ്റ് എൻക്വയറി നമ്പർ-16/29.09.25 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതും എല്ലാ ഗുണഭോക്താക്കൾക്കും തുക ലഭിച്ചു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-17 താലൂക്ക് ആശുപത്രിയിൽ സി.സി.ടി.വി സ്ഥാപിക്കൽ -പൂർത്തീകരണവിവരം ലഭ്യമല്ല.

തൻവർഷം താലൂക്ക് ആശുപത്രിയിൽ സി.സി.ടി.വി.സ്ഥാപിക്കുന്നതിനായി 2,00,000 രൂപ പി.ഡ്ബ്ലു.ഡി.യിൽ ഡെപ്പോസിറ്റ് ചെയ്തു. എന്നാൽ പൂർത്തീകരണരേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

പ്രോജക്ട് നമ്പർ	22/25,
പ്രോജക്ടിന്റെ പേര്	താലൂക്ക് ആശുപത്രിയിൽ സി.സി.ടി.വി സ്ഥാപിക്കൽ
അടങ്കൽ	2,00,000
ചെലവ്	2,00,000
ഫണ്ട്	മെയിന്റനൻസ് ഫണ്ട് (റോഡിതരം)
നിർവഹണ ഉദ്യോഗസ്ഥൻ	സൂപ്രണ്ട്,താലൂക്ക് ആശുപത്രി
BRNനമ്പർ /തീയതി	241803630036014176 62/04.03.25

മേൽ പദ്ധതിയിലുൾപ്പെടുത്തി താലൂക്ക് ആശുപത്രിയിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിന് 2,00,000 രൂപ പി.ഡ്ബ്ലു.ഡി.യിൽ ഡെപ്പോസിറ്റ് ചെയ്തു. ഓഡിറ്റ് എൻക്വയറി നമ്പർ-24/29.09.25 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.പദ്ധതിപൂർത്തീകരണവിവരങ്ങളും ഫൈനൽ ബില്ലും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പൂർത്തീകരണ വിവരം ലഭ്യമല്ലാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

1-18 ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള അമ്പലവയൽ, മീനങ്ങാടി, നൂൽപ്പുഴ, നെൻമേനി, ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കിയ പി.എം.എ.വൈ.ജി ഭവന നിർമ്മാണ പദ്ധതികളിൽ നാളിതുവരെ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

ക്രമ നം	പേര്	ഐ.ഡി	അവസാനം കൈപ്പറ്റിയ തുക/ തിയ്യതി	കൈപ്പറ്റിയ ആകെ തുക	ഘട്ടം
1	സിബി	KL149263118	24,000/24.12.24	390000	മേൽക്കൂര
2	സജിത	KL15066958	40,000/14.08.23	342000	മേൽക്കൂര
3	ശോഭ	KL144621612	30,000/10.03.25	390000	മേൽക്കൂര
4	ബേബി	KL149554212	40,000/24.12.24	390000	മേൽക്കൂര
5	ജെയിംസ്	KL149263109	50,000/24.12.24	382000	മേൽക്കൂര
6	ഷാജില	KL151030089	24,000/18.04.23	372000	മേൽക്കൂര
7	ജെയ്സൺ	KL149158816	24,000/02.01.25	390000	മേൽക്കൂര

8	സജ്ന	KL147776716	24,000/16.05.24	370000	മേൽക്കൂര
9	ശ്രീദേവി	KL146956050	24,000/12.04.23	355000	മേൽക്കൂര
10	തങ്ക	KL148616914	24,000/13.10.23	355000	മേൽക്കൂര
11	അഞ്ജു	KL147742789	1,00,000/20.12.23	517000	മേൽക്കൂര
12	മീനാക്ഷി	KL149657911	1,00,000/21.12.24	467000	മേൽക്കൂര
13	അമ്മിണി	KL148693811	75,000/06.02.25	575000	മേൽക്കൂര
14	ശാന്ത	KL149501325	50,000/15.03.24	555000	പൂർത്തീകരണം
15	മാതൻ	KL145228744	75,000/06.09.24	575000	മേൽക്കൂര
16	വിലാസിനി	KL148507842	68,000/08.08.24	532000	മേൽക്കൂര
17	ബിന്ദു	KL150611978	24,000/15.05.24	473000	ലിന്റൽ
18	ഓമന	KL149216904	50,000/09.07.25	542000	മേൽക്കൂര
19	ലീല	KL146922359	24,000/21.10.23	515000	മേൽക്കൂര
20	ചിന്നി	KL146922396	90,000/24.12.24	580000	പൂർത്തീകരണം

നെൻമേനി ഗ്രാമപഞ്ചായത്ത്

ക്രമ നം	പേര്	ഐ.ഡി	അവസാനം കൈപ്പറ്റിയ തുക/ തിയ്യതി	കൈപ്പറ്റിയ ആകെ തുക	ഘട്ടം
1	യശോദ	KL149263118	24,000/24.12.24	390000	മേൽക്കൂര
2	ഉണ്ണികൃഷ്ണൻ	KL146716959	24000/05.01.24	545000	മേൽക്കൂര
3	രാഘവൻ	KL145151301	50000/09.08.24	555000	മേൽക്കൂര
4	യശോദ	KL148940838	24000/24.12.24	502000	മേൽക്കൂര
5	ചണ്ണ	KL146716542	60000/06.03.25	453000	മേൽക്കൂര
6	കരിമ്പൻ	KL14513397	56000/18.10.24	400000	മേൽക്കൂര
7	ചെറിയ കേത്തി	KL146122292	100000/17.08.23	467000	മേൽക്കൂര
8	സുരേഷ്	KL146113790	50000/07.11.24	524000	മേൽക്കൂര
9	വേണു	KL149368696	100000/16.08.23	459000	മേൽക്കൂര
10	ചെറിയ മാരൻ	KL149368495	48000/30.05.24	439000	മേൽക്കൂര
11	രഞ്ജിത്	KL149224690	50000/03.12.24	570656	പൂർത്തീകരണം
12	ഗീത	KL147225007	50000/17.08.23	550000	പൂർത്തീകരണം
13	രാധ	KL148568053	50000/20.08.25	380000	മേൽക്കൂര
14	സിന്ധു	KL145531159	112000/20.03.23	160000	ബേസ് മെന്റ്
15	പ്രശാന്ത്	KL149563717	48000/28.08.22	48000	മുൻകൂർ
16	ഫൗസിയ	KL147405555	24000/20.03.23	376000	മേൽക്കൂര

മീനങ്ങാടി ഗ്രാമപഞ്ചായത്ത്

ക്രമ നം	പേര്	ഐ.ഡി	അവസാനം കൈപ്പറ്റിയ തുക/ തിയ്യതി	കൈപ്പറ്റിയ ആകെ തുക	ഘട്ടം
1	അനീഷ്	KL146231390	30,000/18.08.24	400000	മേൽക്കൂര
2	ശ്രീജ	KL150159003	24000/10.08.23	355000	മേൽക്കൂര
3	ഗീത കുട്ടപ്പൻ	KL149590843	48000/10.08.23	331000	മേൽക്കൂര
4	സുജാത.വി.ഒ	KL146506651	85000/03.12.24	500000	മേൽക്കൂര
5	ശാന്ത	KL146587841	80000/10.03.25	547000	മേൽക്കൂര
6	അംബിക	KL147339535	50000/03.12.24	550000	മേൽക്കൂര
7	ബാലകൃഷ്ണൻ	KL146888513	40000/03.12.24	583000	മേൽക്കൂര
8	ചന്ദ്രൻ	KL146842879	100000/16.01.25	567000	മേൽക്കൂര

9	ശാന്ത	KL149406843	50000/22.01.24	542000	മേൽക്കൂര
10	അമ്മിണി	KL149659180	70000/16.08.23	372000	മേൽക്കൂര

അമ്പലവയൽ ഗ്രാമപഞ്ചായത്ത്

ക്രമനം	പേര്	ഐ.ഡി	അവസാനം കൈപ്പറ്റിയ തുക/ തിയ്യതി	കൈപ്പറ്റിയ ആകെ തുക	ഘട്ടം
1	സരോജിനി	KL149608576	70,000/21.02.24	372000	മേൽക്കൂര
2	സബിത	KL151185661	24,000/21.02.24	412000	മേൽക്കൂര
3	സഞ്ജു	KL150897046	24,000/21.02.24	372000	മേൽക്കൂര
4	ഷിംന	KL147213367	50,000/03.07.25	241000	ലിന്റൽ
5	അനൂപ്	KL149047208	48,000/31.03.22	96000	ബേസ് മെന്റ്
6	ഷീല ബാലൻ	KL150651817	1,52,000/23.11.22	200000	മുൻകൂർ
7	അനിത	KL146541898	1,28,000/20.03.25	476000	മേൽക്കൂര
8	ഷീല	KL146541944	24000/19.12.22	467000	മേൽകൂര
9	ലീല കുഞ്ഞിരാമൻ	KL145797470	48,000/10.03.25	343000	മേൽക്കൂര
10	ലീല ശിവൻ	KL148967122	70,000/10.03.25	541000	മേൽക്കൂര
11	സുമതി ദാസൻ	KL145796867	70000/11.03.25	537000	പൂർത്തീകരണം
12	ബാലൻ സിന്ധു	KL149205048	24000/16.12.24	467000	മേൽക്കൂര
13	സന്ധ്യ ഗ്രളിയൻ	KL145796966	42000/03.12.24	530000	മേൽക്കൂര
14	ശ്രീജ രാജൻ	KL148218758	70000/12.02.25	558000	മേൽക്കൂര
15	മീന	KL146499886	60000/10.03.25	500000	മേൽക്കൂര
16	കല്യാണി	KL146495544	100000/06.02.25	535000	മേൽക്കൂര
17	ശാരദ	KL148144023	100000/20.12.23	494995	മേൽക്കൂര

പി.എം.എ.വൈ.ജി ഭവന നിർമ്മാണ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5.6.2 പ്രകാരം ഭവനം അനുവദിച്ച് 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ മേൽ വിവരിച്ച ഗ്രണഭോക്താക്കൾ സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. മാർഗ്ഗരേഖ Annexure XI പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 17/29/09/25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതും പൂർത്തീകരിക്കാൻ കഴിയാത്ത ഭവനങ്ങൾക്ക് പി.എം.എ.വൈ.ജി ഭവന നിർമ്മാണ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-19 ഭവന നിർമ്മാണത്തിന് അധികം തുക അനുവദിച്ചു

അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച പി.എം.എ.വൈ.ജി ഭവന നിർമ്മാണ പദ്ധതിയിൽ ഗ്രണഭോക്താവിന് അധികം തുക അനുവദിച്ചു. 2022-23, 23-24 കാലയളവുകളിൽ ഗ്രണഭോക്താവിന് അനുവദിച്ച വിവിധ ഗഡുക്കളിൽ അനുവദനീയമായതിൽ അധികമായിട്ടാണ് നൽകിയത്. ജനറൽ വിഭാഗത്തിനുള്ള ഭവന നിർമ്മാണ പദ്ധതിക്ക് അനുവദനീയമായ തുക 4,00,000 രൂപയാണ്. എന്നാൽ ചുവടെ പറഞ്ഞിട്ടുള്ള ഗ്രണഭോക്താവിന് 4,12,000 അനുവദിച്ചു. 12,000 രൂപ അധികം നൽകി.

പേര്	ഐ.ഡി	കൈപ്പറ്റിയ തുക/ തിയ്യതി	കൈപ്പറ്റിയ ആകെ തുക	ഘട്ടം
സബിത	KL151185661	48,000/22.02.22 48,000/03.03.22 70,000/19.12.22 64000/20.03.23 70,000/14.08.23 40,000/18.08.23 48,000/10.08.23 24,000/21.02.24	4,12,000	മേൽക്കൂര

നിലവിൽ ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അധിക തുക അനുവദിച്ചതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 17/29.09.2025 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. വീടിന്റെ പണികളെല്ലാം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

1-20 കെട്ടിട വാടക ഈടാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നിള ബ്ലോക്ക് കെട്ടിടത്തിലെ രണ്ട് റൂമുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ വാടകയിനത്തിലുള്ള വരവ് ബ്ലോക്ക് പഞ്ചായത്തിൽ ലഭിക്കുന്നില്ല. ടെൻസ്റ്റാർ വനിതാഗ്രൂപ്പ്-ഓൺലൈൻ വിപണനകേന്ദ്രം, ഭക്ഷ്യശ്രീ മെസ്സ് എന്നീ സ്ഥാപനങ്ങളാണ് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. മേൽ റൂമുകൾ വാടകയ്ക്ക് നൽകിയ വർഷം, എഗ്രിമെന്റ്, ബന്ധപ്പെട്ട ഭരണസമിതി തീരുമാനം എന്നീ രേഖകൾ സഹിതം വാടക ഈടാക്കാത്തതിനുള്ള വിശദീകരണം നൽകുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 11/27.09.25 നൽകി. ഇതിനുള്ള മറുപടിയിൽ ആദ്യ ഘട്ടത്തിൽ സംരംഭത്തിന് ആവശ്യമായ പിന്തുണ സംവിധാനം എന്ന നിലയ്ക്ക് വാടക ഈടാക്കിയിട്ടില്ലെന്നും എന്നാൽ 2025-26 വർഷത്തിൽ സ്ഥാപനം സ്വയംപര്യാപ്തമായിതിനാൽ വാടക ഈടാക്കുന്നതിന് സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനമെടുത്തതായും അറിയിച്ചിട്ടുണ്ട്. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാടക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-21 ഇ ടെണ്ടർ ഫീ - ബ്ലോക്ക് പഞ്ചായത്തിൽ വരവ് വരുന്നില്ല.

സു.ബത്തേരി ബ്ലോക്ക് പഞ്ചായത്തിലെ , അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പബ്ലിക്ക് വർക്കുകളുടെ ഇ-ടെണ്ടർ ഫീ എവിടെയാണ് ക്രഡിറ്റ് ആകുന്നത് എന്നതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക്(നം.3/03-09-2025) ലഭ്യമാക്കിയ മറുപടി പ്രകാരം, നിലവിൽ ഇ- ടെണ്ടർ ഫീ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സു.ബത്തേരി ബ്രാഞ്ചിലുള്ള പൂളിംഗ് അക്കൗണ്ടിലേക്കാണ്(A/C No. 35834906642) ക്രെഡിറ്റ് ആകുന്നത് എന്നറിയിച്ചിട്ടുണ്ട്. മേൽ തുകയുടെ വിശദ വിവരം ലഭിക്കുന്നതിന് ബാങ്ക് സ്റ്റേറ്റുമെന്റ് ലഭ്യമാക്കുന്നതിന് ബാങ്കിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഇ-ടെണ്ടർ വെബ്സൈറ്റിൽ ലഭ്യമാകുന്ന MIS റിപ്പോർട്ടുമായി ഒത്തു നോക്കി ഇ-ടെണ്ടർ ഫീ തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് അറിയിക്കുന്നതാണ് എന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതു വരെ ഇ -ടെണ്ടർ ഫീ ഇനത്തിൽ യാതൊരു തുകയും ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഇ – ടെണ്ടർ ഫീ ഇനത്തിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പൂളിംഗ് അക്കൗണ്ടിൽ സു.ബത്തേരി ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുക മുഴുവനായും ബ്ലോക്ക് പഞ്ചായത്തിലേക്ക് വരവ് വെച്ച് അറിയിക്കേണ്ടതാണ്. ഒരോ വർഷത്തെയും ഇ-ടെണ്ടർ ഫീ തുകകൾ വർഷം തിരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-22 പ്രൈസ്-3 സോഫ്റ്റ്വെയർ ഓഡിറ്റേഴ്സ് ലോഗിനിൽ അഭിമുഖീകരിക്കുന്ന അപര്യാപ്തതകൾ

പ്രൈസ്-3 സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട ഓഡിറ്റേഴ്സ് ലോഗിനിൽ പരിശോധനക്കാവശ്യമായ രീതിയിൽ ഫയലുകൾ ലഭ്യമാകുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1) പ്രൈസ്-3 സോഫ്റ്റ് വെയറിൽ ഓഡിറ്റേഴ്സ് ലോഗിനിൽ ലോഗിൻ ചെയ്താൽ GENERAL ടാബ് മുതൽ LSGD SUB DIVISION SULTHAN BATHERY എന്ന ടാബ് വരെ 7 ടാബുകൾ സെലക്ട് (GENERAL > SEARCH > LOCAL SELF GOVERNMENT DEPARTMENT > OFFICE OF THE CHIEF ENGINEER LSGD > NORTH CIRCLE LSGD > LSGD DIVISION WAYANAD > LSGD SUB DIVISION SULTHAN BATHERY) ചെയ്ത്; സു.ബത്തേരി ബ്ലോക്ക് പഞ്ചായത്ത് ടാബിൽ വന്ന് FILE ID സെർച്ച് ചെയ്താൽ മാത്രമേ അതുമായി ബന്ധപ്പെട്ട വിവരങ്ങൾ എടുക്കാൻ പറ്റുകയുള്ളു. അതു കഴിഞ്ഞ് അടുത്ത ഫയൽ നോക്കണമെങ്കിൽ വീണ്ടും GENERAL ടാബ് മുതൽ LSGD SUB DIVISION SULTHAN BATHERY എന്ന ടാബ് വരെ 7 ടാബുകൾ സെലക്ട് ചെയ്ത് LSGD SUB DIVISION SULTHAN BATHERY ടാബിൽ വന്നാൽ മാത്രമേ FILE ID വെച്ച് സെർച്ച് ചെയ്യുവാൻ പറ്റുന്നുള്ളു. ഇങ്ങിനെ നൂറ് ഫയലുകൾ ഉണ്ടെങ്കിൽ നൂറ് തവണ ഈ പ്രോസസ്സസ് റിപ്പീറ്റ് ചെയ്യേണ്ടതായി വരുന്നതിനാൽ പ്രൈസ്-3 സോഫ്റ്റ്വെയറിലൂടെ ഫയലുകൾ പരിശോധിക്കുന്നത് വളരെ സമയം എടുക്കുന്നതും ക്ലിപ്ത സമയത്തിൽ നിർവ്വഹിക്കുന്ന ഓഡിറ്റ് ജോലികൾ തൃപ്തികരമായി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് അസി. എഞ്ചിനീയറുടെ ലോഗിനിൽ ഈ ബ്ലോക്ക്പഞ്ചായത്തിൽ ചെയ്ത മൊത്തം പ്രവൃത്തിയും ലിസ്റ്റ് ചെയ്യുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലഭ്യമാകുന്നതുപോലെ (എഡിറ്റിംഗ്/പ്രിവിലേജ് ഇല്ലാതെ) എല്ലാ വർക്കുകളും ലിസ്റ്റ് ചെയ്ത വരുന്ന മേൽ സൂചിപ്പിച്ച വിധമുള്ള ലോഗിൻ സൗകര്യം ഓഡിറ്റിന് ലഭ്യമാകാത്തതിലെ സാഹചര്യം ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഈ രീതിയിൽ രേഖകൾ ഓഡിറ്റേഴ്സ് ലോഗിനിൽ ഇല്ലാത്തതിനാൽ പ്രൈസ്-3 സോഫ്റ്റ്വെയറിലൂടെ ഫയലുകൾ പരിശോധിക്കുവാൻ ഓഡിറ്റിന് സാധിക്കുന്നില്ല. പ്രൈസ്-3 സോഫ്റ്റ്വെയറിൽ ഓഡിറ്റേഴ്സ് ലോഗിനിൽ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് വർക്ക് സ്റ്റേഷൻ ആയി സെലക്ട് ചെയ്യാൻ പറ്റുകയും സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിലെ 2024-2025 സാമ്പത്തിക വർഷം ചെയ്ത പ്രോജക്ട് ഫയലുകൾ എല്ലാം

ലിസ്റ്റ് ചെയ്യുകയും അവിടെ നിന്നും ഫയലിൽ ക്ലിക്ക് ചെയ്യുമ്പോൾ പ്രസ്തുത ഫയൽ ഡീറ്റെയിൽസ് ലഭിക്കുന്ന വിധത്തിൽ ഓഡിറ്റേഴ്സ് ലോഗിനിൽ ഓപ്ഷൻസ് നൽകിയാൽ മാത്രമേ പ്രൈസ്-3 സോഫ്റ്റ്വെയറിൽ ഓൺലൈനായി ഓഡിറ്റ് സാധ്യമാകുകയുള്ളൂ. എന്നാൽ, 01/04/2022 – ൽ നിലവിൽ വന്ന പ്രൈസ്-3 സോഫ്റ്റ്വെയറിലെ ഓഡിറ്റേഴ്സ് ലോഗിനിൽ ഉള്ള അപര്യാപ്തതകളും ആവശ്യങ്ങളും വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയെങ്കിലും പ്രൈസ്-3 സോഫ്റ്റ്വെയർ നിലവിൽ വന്ന് 3 വർഷം കഴിഞ്ഞിട്ടും ഓഡിറ്റേഴ്സ് ലോഗിനിൽ യാതൊരു അപ്ഡേഷനും നൽകിയിട്ടില്ല. താഴെപ്പറയുന്ന ഓപ്ഷൻസ് കൂടി ഓഡിറ്റേഴ്സ് ലോഗിനിൽ ആവശ്യമാണ്.

2) ഓഡിറ്റേഴ്സ് ലോഗിനിൽ ഒരു പ്രവൃത്തിയിൽ നിന്നും ബാക്ക് പോയാൽ ലോഗ് ഔട്ട് ആകുന്നത് ഒഴിവാക്കേണ്ടതാണ്.

3) ഓഡിറ്റേഴ്സ് ലോഗിനിൽ ഹോം ബട്ടൺ നൽകേണ്ടതാണ്.

4) ഓഡിറ്റേഴ്സ് ലോഗിനിൽ വിവിധ രജിസ്റ്ററുകൾ കാണിക്കുന്നുണ്ടെങ്കിലും (ഉദാ- Agreement Register, Tender Register മുതലായവ) ഒന്നും പരിശോധിക്കാൻ കഴിയുന്ന രീതിയിൽ ഓപ്പൺ ആകുന്നില്ല.

5) നിലവിൽ ഒരു വിൻഡോ ആണ് ഓപ്പൺ ചെയ്യാൻ പറ്റുന്നത്. മൾട്ടിപ്പിൾ വിൻഡോ ഓപ്പൺ ചെയ്താൽ മാത്രമേ ഓഡിറ്റിൽ Compare ചെയ്ത് പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക്(നം.2/22-09-2025) ലഭ്യമാക്കിയ മറുപടിയിൽ വകുപ്പുതലത്തിൽ, പ്രൈസ് 3 സോഫ്റ്റ് വെയറിലെ ഓഡിറ്റേഴ്സ് ലോഗിനിലെ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട് . പ്രൈസ് 3 സോഫ്റ്റ്വെയറിലെ ഓഡിറ്റേഴ്സ് ലോഗിനിലെ മേൽ ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ച് ഓഡിറ്റ് ലോഗിൻ കാര്യക്ഷമമാക്കി അറിയിക്കേണ്ടതാണ്.

1-23 മാങ്കൊമ്പ് കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മാങ്കൊമ്പ് കുടിവെള്ള വിതരണ പദ്ധതി നിലവിലും പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	നം. S0198/25, മാങ്കൊമ്പ് കുടിവെള്ള വിതരണ പദ്ധതി
അടങ്കൽ	₹ 15,27,351/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് തുക, ബിൽ നം./ തീയതി	₹ 13,26,582/- (Vr No. XVFC/2024-25/P/108 Dt 21.03.2025)
എസ്റ്റിമേറ്റ് തുക	₹ 17,00,000/-
Estimation PAC	15,17,519.05(Including Electrification Amount ₹ 2,30,000/-)
സാങ്കേതിക അനുമതി	77456/2022 Dt 20/01/2022
കരാർ നം./തീയതി	AE/LSGD/SBY/32/2022/22.03.2022
കരാറുകാരന്റെ പേര്	ശ്രീ. ശിവരാജൻ പി.ആർ.
കരാർ തുക	₹ 12,87,519/-

ഫയൽ പരിശോധിച്ചതിൽ നിന്നും, 27/09/2025- ന് നടത്തിയ സ്ഥല പരിശോധനയിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. അമ്പലവയൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയാണ് മാങ്കൊമ്പ് കുടിവെള്ള വിതരണ പദ്ധതി. എന്നാൽ, അമ്പലവയൽ ഗ്രാമ പഞ്ചായത്തിന്റെ സമ്മതപത്രം ഫയലിൽ ഇല്ല.

2. കരാർ പ്രകാരം മേൽ പ്രവൃത്തി 31/03/2023- ന് പൂർത്തിയാകേണ്ടതായിരുന്നു. എന്നാൽ, നിലവിലും പ്രവൃത്തി പൂർത്തിയായിട്ടില്ല.

3. ഭൗതിക പരിശോധനയിൽ, കുടിവെള്ള പദ്ധതിയുടെ ഭാഗമായി 3.5 മീറ്റർ ആഴത്തിൽ കിണർ കുഴിച്ചിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റി പ്രകാരം 10 മീറ്ററും എസ്റ്റിമേറ്റ് പ്രകാരം 14 മീറ്ററും ആഴത്തിൽ ആയിരുന്നു കിണർ കുഴിക്കേണ്ടിയിരുന്നത്. 5000 ലിറ്ററിന്റെ രണ്ട് വാട്ടർ ടാങ്കും സ്റ്റാൻഡും സ്ഥാപിച്ചിട്ടുണ്ട്. കിണറിൽ നിന്നും ടാങ്കിലേക്ക് 763 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള പ്രവൃത്തിയും മോട്ടോർ, ഇലക്ട്രിക്ക് കണക്ഷൻ എന്നിവയും ചെയ്യാൻ ബാക്കിയുണ്ട്. കിണർ 10 മീറ്റർ കുഴിക്കാതെ 3-5 മീറ്റർ കുഴിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്. 14 മീറ്റർ ആഴം കുഴിക്കുന്നതിന് പകരം 3.5 മീറ്റർ കുഴിച്ചിട്ടും നിലവിലെ ചെലവ് തുക തന്നെ 1326582/- രൂപയായത് വിശദീകരിക്കേണ്ടതാണ്. അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ഫൈനൽ ബിൽ നൽകുമ്പോൾ തിരികെ ഈടാക്കേണ്ടതാണ്.

3. കെ.എസ്.ഇ.ബി അമ്പലവയൽ, അസി.എഞ്ചിനീയറുടെ, കത്ത് പ്രകാരം(നം. ഇല്ല, തീ. 12/02/2024) എസ്റ്റിമേറ്റ് തുകയായി ₹ 1,72,589/- ആവശ്യപ്പെട്ടതനുസരിച്ച് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നതും ടാങ്കും സ്റ്റാൻഡും പണിതീർത്തിരിക്കുന്നതും, പദ്ധതി പൂർത്തിയാകുകയോ, വെള്ളത്തിന്റെ ഫീസിബിലിറ്റി ഉറപ്പാക്കുകയോ ചെയ്യാതെയാണ്. നിലവിലും കുടിവെള്ള പദ്ധതി പ്രവർത്തിക്കുന്നില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ: 21/29-09-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മാങ്കൊമ്പ് കുടിവെള്ള വിതരണ പദ്ധതി, പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്. അതു വരെ ചെലവ് തുക ₹ 13,26,582/- തടസ്സപ്പെടുത്തുന്നു.

1-24 കാരാം കൊല്ലി കുടിവെള്ള പദ്ധതി - മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ കാരാം കൊല്ലി കുടിവെള്ള പദ്ധതി നിലവിലും പ്രവർത്തനക്ഷമമായിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	S0219/25, കാരാം കൊല്ലി കുടിവെള്ള പദ്ധതി
അടങ്കൽ	₹ 75,000/-(വികസന ഫണ്ട് ജനറൽ)
ചെലവ് തുക, ബിൽ നം./തീയതി	₹ 72,292/- (TRN. 241803000000012608/20-11-2024)

മേൽ പ്രവൃത്തിയിൽ, കാരം കൊല്ലി കുടിവെള്ള പദ്ധതിക്ക് ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കുന്നതിനായി ₹ 72,292/- കെ.എസ്.ഇ.ബി ഓഫീസിന് നൽകിയിട്ടുണ്ട്. എന്നാൽ, ഇതു വരെ ഭൗതിക നേട്ട റിപ്പോർട്ടും മൂല്യനിർണ്ണയ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. പദ്ധതി പ്രവർത്തനക്ഷമമായതായി കാണുന്നില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ: 19/29-09-2025) ലഭ്യമാക്കിയ മറുപടിയിൽ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി – യുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കുന്നത് വരെ ചെലവ് തുക 72,292/- രൂപ തടസ്സപ്പെടുത്തുന്നു.

1-25 വെറ്ററിനറി ഹോസ്പിറ്റലിന് കുടിവെള്ള പദ്ധതി - മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ വെറ്ററിനറി ഹോസ്പിറ്റലിന് കുടിവെള്ള പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	124/25, വെറ്ററിനറി ഹോസ്പിറ്റലിന് കുടിവെള്ള പദ്ധതി

അടങ്കൽ	₹ 5,70,000/-(CFC)
ചെലവ് തുക, ബിൽ നം./തീയതി	₹ 1,90,767/- (Vr. No. XVFC/2024-25/P/142/29-04-2025)

മേൽ പ്രവൃത്തിയിൽ, വെറ്ററിനറി ഹോസ്പിറ്റലിന് കുടിവെള്ള പദ്ധതിക്കായി കുഴൽകിണർ കുഴിക്കുന്നതിന് വേണ്ടി ₹ 1,90,767/- ഭൂജല വകുപ്പ് ജില്ലാ ഓഫീസിന് നൽകിയിട്ടുണ്ട്. എന്നാൽ, ഇതു വരെ പദ്ധതി പൂർത്തീകരിക്കുകയോ ,ഭൗതിക നേട്ട റിപ്പോർട്ടും മൂല്യനിർണ്ണയ സാക്ഷ്യപത്രവും ഹാജരാക്കുകയോ ചെയ്തിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ: 22/29-09-2025) ലഭ്യമാക്കിയ മറുപടിയിൽ മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും, ടി എസ്റ്റിമേറ്റിലെ ബാലൻസ് പ്രവൃത്തികൾ (പൈപ്പ് ലൈൻ) പൂർത്തീകരിച്ച് അറിയിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട് .ഭൂജല വകുപ്പിന്റെ മൂല്യനിർണ്ണയ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

1-26 പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാർക്ക് സമയം നീട്ടി നൽകൽ - ₹ 2,83,907/- പിഴയിനത്തിലും ₹ 1,57,217/- ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിലും ഈടാക്കിയിട്ടില്ല.

മരാമത്തു പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. മൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവൃത്തി നിശ്ചയിക്കപ്പെട്ട സമയപരിധിക്കകം പൂർത്തിയാക്കാൻ കഴിയാത്തപക്ഷം പ്രസ്തുത തീയതിക്കു മുമ്പായി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ, കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതും, പ്രസ്തുത അപേക്ഷയിൽ രേഖപ്പെടുത്തിയ കാരണം ഗ്രാമ പഞ്ചായത്ത് ഭരണസമിതി വിലയിരുത്തി ആയത് സത്യസന്ധമാണെങ്കിൽ കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതുമാണ്. എന്നാൽ, പിഴ ഒഴിവാക്കി സമയം ദീർഘിപ്പിച്ചു നൽകാവുന്നതല്ല. 1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112, 2112.1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചു നൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ(വ്യവസ്ഥ 2112.1) വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയം ദീർഘിപ്പിച്ചു നൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും കൂടാൻ പാടില്ലായെന്നും, പിഴയായി ആദ്യ തവണ കരാർ തുകയുടെ 1 ശതമാനവും, തുടർന്ന് കരാർ തുകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവ് G.O(Ms)No. 21/2024/PWD തീയതി 02/04/2024 പ്രകാരം പിഴ ഈടാക്കി കാലയളവ് പരമാവധി 50 ശതമാനത്തിൽ നീട്ടി നൽകിയതിനു ശേഷവും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം പിന്നീട് പ്രവൃത്തി പൂർത്തിയാക്കാൻ വൈകുന്ന ഓരോ ആഴ്ചക്കും കരാർ തുകയുടെ 0.1% വീതം ലിക്വിഡേറ്റഡ് ഡാമേജും ഈടാക്കേണ്ടതാണ്. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ, കരാർ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. കരാറുകാരനിൽ നിന്നും കരാർ പ്രകാരമുള്ള പിഴയോ ലിക്വിഡേറ്റഡ് ഡാമേജോ ഈടാക്കാതെ, അവസാന ബിൽ തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1-26-1 ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ ഘടക സ്ഥാപനങ്ങളുടെ ചുറ്റുമതിൽ നവീകരണം

പ്രോജക്ട് നം./പേര്	നം. S0191/25, ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ ഘടക സ്ഥാപനങ്ങളുടെ ചുറ്റുമതിൽ നവീകരണം
അടങ്കൽ	₹ 16,66,207/-(MGNR)
ചെലവ് തുക, ബിൽ നം./തീയതി	₹ 16,04,682/- [₹ 9,89,380/-(TRN. 21418030000000004192/28-06-2024), ₹ 4,08,352/-(TRN. 21418030000000010760/16-10-2024) ₹ 2,06,950/-(TRN. 21418030000000016714/28-01-2025)]
കരാർ നം./തീയതി	AE/LID&EW/BPSBY/33/2023-24/21-11-2023
കരാറുകാരന്റെ പേര്	ശ്രീ. സാജു കെ.എം.

Estimate PAC	₹ 16,93,795.99
TS No.	48282/2023/09-10-2023
കരാർ തുക	₹ 14,12,041/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	20/11/2024
എം.ബുക്ക് നം.	PRICE 3
PRICE 3 ഇ-എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	26/12/2024
പ്രവൃത്തി വൈകിയ കാലയളവ്	1 മാസം 6 ദിവസം
ആകെ കരാർ കാലയളവ്	12 മാസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 1 മാസം (ഒറിജിനൽ സമയത്തിന്റെ പരമാവധി 25 ശതമാനം) ₹ 14,12,041/-ന്റെ 1% = 14,120 ആകെ ഈടാക്കേണ്ടിയിരുന്ന പിഴ – ₹ 14,120/-

1-26-2 കൊങ്ങിയമ്പം കോളനി നടപ്പാത കോൺക്രീറ്റിംഗ് മീനങ്ങാടി ഗ്രാമപഞ്ചായത്ത്

പ്രോജക്ട് നം./പേര്	നം. S0154/25, കൊങ്ങിയമ്പം കോളനി നടപ്പാത കോൺക്രീറ്റിംഗ് മീനങ്ങാടി ഗ്രാമ പഞ്ചായത്ത്
അടങ്കൽ	₹ 6,29,679/-(വികസന ഫണ്ട് ടി.എസ്.പി)
ചെലവ് തുക, ബിൽ നം./തീയതി	₹ 4,92,587/- (TRN. 21418030000000002221/16-05-2024)
കരാർ നം./തീയതി	AE/LID&EW/BPSBY/44/2023-24/27-11-2023
കരാറുകാരന്റെ പേര്	സു.ബത്തേരി ലോബർ കോൺട്രാക്ട് സൊസൈറ്റി
Estimate PAC	₹ 5,92,806.7
TS No.	48730/2023/20-09-2023
കരാർ തുക	₹ 5,33,611/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	26/11/2024
എം.ബുക്ക് നം.	PRICE 3

PRICE 3 ഇ-എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	28/03/2025
പ്രവൃത്തി വൈകിയ കാലയളവ്	4 മാസം 2 ദിവസം
ആകെ കരാർ കാലയളവ്	12 മാസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം (ഒറിജിനൽ സമയത്തിന്റെ പരമാവധി 25 ശതമാനം) ₹ 5,33,611/-ന്റെ 1% = 5,336 രണ്ടാമത്തെ 1 മാസം 2 ദിവസം (ഒറിജിനൽ സമയത്തിന്റെ ആകെ 50 ശതമാനം) ₹ 5,33,611/- ന്റെ 2% = 10,672 ആകെ ഈടാക്കേണ്ടിയിരുന്ന പിഴ – ₹ 16,008/-

1-26-3 കുണ്ടിൽ പണിയ കോളനി പൈതൃക ഭവനം

പ്രോജക്ട് നം./പേര്	നം. S0207/25, കുണ്ടിൽ പണിയ കോളനി പൈതൃക ഭവനം
അടങ്കൽ	₹ 6,91,047/-(വികസന ഫണ്ട് ടി.എസ്.പി)
ചെലവ് തുക, ബിൽ നം./തീയതി	₹ 6,41,035/- (TRN. 21418030000000006981/23-08-2024)
കരാർ നം./തീയതി	AE/LID&EW/BPSBY/4/2022-23/11-01-2023
കരാറുകാരന്റെ പേര്	സു.ബത്തേരി ലോബർ കോൺട്രാക്ട് സൊസൈറ്റി
Estimate PAC	₹ 8,14,169.4
TS No.	58491/2022/29-10-2022
കരാർ തുക	₹ 7,84,647/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	30/06/2023
എം.ബുക്ക് നം.	PRICE 3
PRICE 3 ഇ-എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	25/11/2023
പ്രവൃത്തി വൈകിയ കാലയളവ്	4 മാസം 26 ദിവസം
ആകെ കരാർ കാലയളവ്	6 മാസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 1.5 മാസം (ഒറിജിനൽ സമയത്തിന്റെ പരമാവധി 25 ശതമാനം) ₹ 7,84,647/-ന്റെ 1% = 7,846

	രണ്ടാമത്തെ 1.5 മാസം (ഒറിജിനൽ സമയത്തിന്റെ ആകെ 50 ശതമാനം) ₹ 7,84,647/- ന്റെ 2% = 15,693 ആകെ ഈടാക്കേണ്ടിയിരുന്ന പിഴ – ₹ 23,539/-
ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജസ്	21 വീക്ക്സ് X ₹ 7,84,647/-ന്റെ 0.1%= 16,478/- ആകെ ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജസ് – ₹ 16,478/-

1-26-4 മാങ്കൊമ്പ് കുടിവെള്ള പദ്ധതി

പ്രോജക്ട് നം./പേര്	നം. S0198/25, മാങ്കൊമ്പ് കുടിവെള്ള പദ്ധതി
അടങ്കൽ	₹ 15,27,351/-(CFC)
ചെലവ് തുക, ബിൽ നം./തീയതി	₹ 13,26,582/- (Vr No.XVFC/2024-25/P/108/21-03-2025)
കരാർ നം./തീയതി	AE/LSWD/SBY32/2022/22-03-2022
കരാറുകാരന്റെ പേര്	ശ്രീ. ശിവരാജൻ പി. ആർ.
Estimate PAC	₹ 15,17,219/-(Including Electrification Work Of ₹ 2,30,000/-)
TS No.	77456/2021-2022/20-01-2022
കരാർ തുക	₹ 12,87,519/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	31/03/2023
എം.ബുക്ക് നം.	140/20
എം.ബുക്ക് പ്രകാരം(പേജ് നം.32) പ്രവൃത്തി പൂർത്തിയായ തീയതി	30/08/2024
പ്രവൃത്തി വൈകിയ കാലയളവ്	17 മാസം
ആകെ കരാർ കാലയളവ്	12 മാസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം (ഒറിജിനൽ സമയത്തിന്റെ പരമാവധി 25 ശതമാനം) ₹ 12,87,519/-ന്റെ 1% = 12,875 രണ്ടാമത്തെ 3 മാസം (ഒറിജിനൽ സമയത്തിന്റെ ആകെ 50 ശതമാനം) ₹ 12,87,519/- ന്റെ 2% = 25,750 ആകെ ഈടാക്കേണ്ടിയിരുന്ന പിഴ – ₹ 38,625/-
ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജസ്	47.82 വീക്ക്സ് X ₹ 12,87,519/- ന്റെ 0.1% = 61,569/- ആകെ ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജസ് – ₹

	61,569/-

1-26-5 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കോമ്പൗണ്ട് നവീകരണം

പ്രോജക്ട് നം./പേര്	നം. S0187/25, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കോമ്പൗണ്ട് നവീകരണം
അടങ്കൽ	₹ 18,67,421/-(MGNR)
ചെലവ് തുക, ബിൽ നം./തീയതി	₹ 9,22,765/- (TRN. 21418030000000020394/17-03-2025)
കരാർ നം./തീയതി	AE/LID&EW/BPSBY/37/2023-24/22-11-2023
കരാറുകാരന്റെ പേര്	ശ്രീ. ജോർജ്ജ് പി.എം.
Estimate PAC	₹ 16,91,440.19
TS No.	48907/2023/11-10-2023
കരാർ തുക	₹ 16,77,033/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	22/11/2024
എം.ബുക്ക് നം.	PRICE 3
PRICE 3 ഇ-എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	12/02/2025
പ്രവൃത്തി വൈകിയ കാലയളവ്	2 മാസം 21 ദിവസം
ആകെ കരാർ കാലയളവ്	12 മാസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം (ഒറിജിനൽ സമയത്തിന്റെ പരമാവധി 25 ശതമാനം) ₹ 16,77,033/-ന്റെ 1% = 16,770 ആകെ ഈടാക്കേണ്ടിയിരുന്ന പിഴ – ₹ 16,770/-

1-26-6 അമ്പലവയൽ സി.എച്ച്.സി ചുറ്റുമതിലിന്റെയും കോമ്പൗണ്ടിന്റെയും നവീകരണം

പ്രോജക്ട് നം./പേര്	നം. S0196/25, അമ്പലവയൽ സി.എച്ച്.സി ചുറ്റുമതിലിന്റെയും കോമ്പൗണ്ടിന്റെയും നവീകരണം
അടങ്കൽ	₹ 27,13,999/-(വികസന ഫണ്ട് ടി.എസ്.പി)
ചെലവ് തുക, ബിൽ നം./തീയതി	₹ 21,43,447/-

	[₹ 5,91,821/- (TRN. 21418030000000012662/21-11-2024), ₹ 4,93,615/- (TRN. 21418030000000012385/14-11-2024), ₹ 4,87,342/- (TRN. 21418030000000012320/14-11-2024), ₹ 5,70,669/- (TRN. 21418030000000020603/19-03-2025)]
കരാർ നം./തീയതി	AE/LID&EW/BPSBY/42/2023-24/24-11-2023
കരാറുകാരന്റെ പേര്	ശ്രീ. ശിവരാജൻ പി.ആർ.
Estimate PAC	₹ 25,74,784.79
TS No.	42533/2023/03-10-2023
കരാർ തുക	₹ 23,00,000/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	23/11/2024
എം.ബുക്ക് നം.	PRICE 3
PRICE 3 ഇ-എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	26/06/2025
പ്രവൃത്തി വൈകിയ കാലയളവ്	7 മാസം 3 ദിവസം
ആകെ കരാർ കാലയളവ്	12 മാസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം (ഒറിജിനൽ സമയത്തിന്റെ പരമാവധി 25 ശതമാനം) ₹ 23,00,000/-ന്റെ 1% = 23,000 രണ്ടാമത്തെ 3 മാസം (ഒറിജിനൽ സമയത്തിന്റെ ആകെ 50 ശതമാനം) ₹ 23,00,000/- ന്റെ 2% = 46,000 ആകെ ഈടാക്കേണ്ടിയിരുന്ന പിഴ – ₹ 69,000/-
ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജസ്	4 വീക്ക്സ് X ₹ 23,00,000/-ന്റെ 0.1% = 9,200/- ആകെ ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജസ് – ₹ 9,200/-

1-26-7 ബ്ലോക്ക് പഞ്ചായത്ത് LID&EW കെട്ടിട നിർമ്മാണം

പ്രോജക്ട് നം./പേര്	നം. S0208/25, ബ്ലോക്ക് പഞ്ചായത്ത് LID&EW കെട്ടിട നിർമ്മാണം
അടങ്കൽ	₹ 10,56,177/-(വികസന ഫണ്ട് ജനറൽ)
ചെലവ് തുക, ബിൽ നം./തീയതി	₹ 9,26,238/- [₹ 8,13,931/-(TRN. 21418030000000013803/07-12-2024),

	₹ 1,12,307/-(TRN. 21418030000000018651/28-02-2025)]
കരാർ നം./തീയതി	AE/LID&EW/BPSBY/7/2022-23/23-01-2023
കരാറുകാരന്റെ പേര്	ശ്രീ. രാധാകൃഷ്ണൻ കെ.എൻ.
Estimate PAC	₹ 20,16,121.05
TS No.	58486/2022/17-12-2022
കരാർ തുക	₹ 20,16,083/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	23/01/2024
എം.ബുക്ക് നം.	PRICE 3
PRICE 3 ഇ-എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	29/01/2025
പ്രവൃത്തി വൈകിയ കാലയളവ്	12 മാസം 6 ദിവസം
ആകെ കരാർ കാലയളവ്	12 മാസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം (ഒറിജിനൽ സമയത്തിന്റെ പരമാവധി 25 ശതമാനം) ₹ 20,16,083/-ന്റെ 1% = 20,161 രണ്ടാമത്തെ 3 മാസം (ഒറിജിനൽ സമയത്തിന്റെ ആകെ 50 ശതമാനം) ₹ 20,16,083/- ന്റെ 2% = 40,322 ആകെ ഈടാക്കേണ്ടിയിരുന്ന പിഴ – ₹ 60,483/-
ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജസ്	27 വീക്ക്സ് X ₹ 20,16,083/-ന്റെ 0.1% = 54,434/- ആകെ ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജസ് – ₹ 54,434/-

1-26-8 സു.ബത്തേരി താലൂക്ക് ഹെഡ്ഡ് ക്വാർട്ടേഴ്സ് ആശുപത്രി വയോജന സൗകര്യമൊരുക്കൽ

പ്രോജക്ട് നം./പേര്	നം. S0201/25, സു.ബത്തേരി താലൂക്ക് ഹെഡ്ഡ് ക്വാർട്ടേഴ്സ് ആശുപത്രി വയോജന സൗകര്യമൊരുക്കൽ
അടങ്കൽ	₹ 12,29,140/-(വികസന ഫണ്ട് ജനറൽ)
ചെലവ് തുക, ബിൽ നം./തീയതി	₹ 12,16,250/- [₹ 4,85,474/-(TRN. 21418030000000012186/08-11-2024), ₹ 4,83,820/-(TRN. 21418030000000012319/14-11-2024), ₹ 2,46,956/-(TRN. 21418030000000013804/17-12-2024)]
കരാർ നം./തീയതി	AE/LID&EW/BPSBY/22/2022-23/13-02-2023

കരാറുകാരന്റെ പേര്	ശ്രീ. ശിവരാജൻ പി.ആർ.
Estimate PAC	₹ 11,20,793.72
TS No.	58487/2022/17-01-2023
കരാർ തുക	₹ 11,09,712/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	13/02/2024
എം.ബുക്ക് നം.	PRICE 3
PRICE 3 ഇ-എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	25/11/2024
പ്രവൃത്തി വൈകിയ കാലയളവ്	9 മാസം 12 ദിവസം
ആകെ കരാർ കാലയളവ്	12 മാസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം (ഒറിജിനൽ സമയത്തിന്റെ പരമാവധി 25 ശതമാനം) ₹ 11,09,712/-ന്റെ 1% = 11,097 രണ്ടാമത്തെ 3 മാസം (ഒറിജിനൽ സമയത്തിന്റെ ആകെ 50 ശതമാനം) ₹ 11,09,712/- ന്റെ 2% = 22,194 ആകെ ഈടാക്കേണ്ടിയിരുന്ന പിഴ – ₹ 33,291/-
ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജസ്	14 വീക്ക്സ് X ₹ 11,09,712/-ന്റെ 0.1% = 15,536/- ആകെ ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജസ് – ₹ 15,536/-

1-26-9 താഴെ പള്ളവയൽ സാംസ്കാരിക നിലയം നിർമ്മാണം

പ്രോജക്ട് നം./പേര്	നം. S0153/25, താഴെ പള്ളവയൽ സാംസ്കാരിക നിലയം നിർമ്മാണം
അടങ്കൽ	₹ 7,28,115/-(വികസന ഫണ്ട് ടി.എസ്.പി)
ചെലവ് തുക, ബിൽ നം./തീയതി	₹ 7,14,801/- [₹2,07,883/-(TRN. 2141803000000002223/16-05-2024), ₹4,12,375/-(TRN. 2141803000000014994/31-12-2024), ₹94,543/-(TRN. 2141803000000012366/24-03-2025)]
കരാർ നം./തീയതി	AE/LID&EW/BPSBY/28/2023-24/18-11-2023
കരാറുകാരന്റെ പേര്	ശ്രീ. അബ്രഹാം ടി.ഒ.
Estimate PAC	₹ 6,77,025.3

TS No.	48444/2023/10-10-2023
കരാർ തുക	₹ 6,17,048/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	18/11/2024
എം.ബുക്ക് നം.	PRICE 3
PRICE 3 ഇ-എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	07/03/2025
പ്രവൃത്തി വൈകിയ കാലയളവ്	3 മാസം 17 ദിവസം
ആകെ കരാർ കാലയളവ്	12 മാസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം (ഒറിജിനൽ സമയത്തിന്റെ പരമാവധി 25 ശതമാനം) ₹ 6,17,048/-ന്റെ 1% = 6,170 രണ്ടാമത്തെ 17 ദിവസം (ഒറിജിനൽ സമയത്തിന്റെ ആകെ 50 ശതമാനം) ₹ 6,17,048/- ന്റെ 2% = 12,341 ആകെ ഈടാക്കേണ്ടിയിരുന്ന പിഴ – ₹ 18,511/-

1-26-10 പാമ്പള താളൂർ റോഡ് ടാറിംഗ് അമ്പലവയൽ ഗ്രാ.പ

പ്രോജക്ട് നം./പേര്	നം. S0197/25, പാമ്പള താളൂർ റോഡ് ടാറിംഗ് അമ്പലവയൽ ഗ്രാ.പ
അടങ്കൽ	₹ 5,00,000/-(CFC)
ചെലവ് തുക, ബിൽ നം./തീയതി	₹ 4,98,623/- (Vr No.XVFC/2024-25/P/106/20-03-2025)
കരാർ നം./തീയതി	AE/LID&EW/BPSBY/17/2023-24/20-10-2023
കരാറുകാരന്റെ പേര്	ശ്രീ. ജോർജ്ജ് പി.എം.
Estimate PAC	₹ 4,23,448.83
TS No.	47791/2023/21-08-2023
കരാർ തുക	₹ 4,43,665/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	19/10/2024
എം.ബുക്ക് നം.	PRICE 3
PRICE 3 ഇ-എം.ബുക്ക് പ്രകാരം പ്രവൃത്തി	22/01/2025

പൂർത്തിയായ തീയതി	
പ്രവൃത്തി വൈകിയ കാലയളവ്	3 മാസം 3 ദിവസം
ആകെ കരാർ കാലയളവ്	12 മാസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം (ഒറിജിനൽ സമയത്തിന്റെ പരമാവധി 25 ശതമാനം) ₹ 4,43,665/-ന്റെ 1% = 4,437 ആകെ ഈടാക്കേണ്ടിയിരുന്ന പിഴ – ₹ 4,437

1-26-11 മാറോട് കോളനി അമ്പലം റോഡ് കോൺക്രീറ്റ് ന്യൽപ്പുഴ ഗ്രാ.പ

പ്രോജക്ട് നം./പേര്	നം. S0177/25, മാറോട് കോളനി അമ്പലം റോഡ് കോൺക്രീറ്റ് ന്യൽപ്പുഴ ഗ്രാ.പ
അടങ്കൽ	₹ 4,96,632/-(വികസന ഫണ്ട് ടി.എസ്.പി)
ചെലവ് തുക, ബിൽ നം./തീയതി	₹ 3,05,560/- (TRN. 21418030000000020396/17-03-2025)
കരാർ നം./തീയതി	AE/LID&EW/BPSBY/42/2023-24/27-11-2023
കരാറുകാരന്റെ പേര്	ശ്രീ. നാസർ കെ.ആർ.
Estimate PAC	₹ 5,07,079.73
TS No.	101440/2023/10-10-2023
കരാർ തുക	₹ 4,20,876/-
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി	26/11/2024
എം.ബുക്ക് നം.	PRICE 3
PRICE 3 ഇ-എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി	19/02/2025
പ്രവൃത്തി വൈകിയ കാലയളവ്	2 മാസം 24 ദിവസം
ആകെ കരാർ കാലയളവ്	12 മാസം
ഈടാക്കേണ്ടിയിരുന്ന പിഴ	ആദ്യത്തെ 3 മാസം (ഒറിജിനൽ സമയത്തിന്റെ പരമാവധി 25 ശതമാനം) ₹ 4,20,876/-ന്റെ 1% = 4,209 ആകെ ഈടാക്കേണ്ടിയിരുന്ന പിഴ – ₹ 4,209 /-

മേൽ അപാകതകൾക്ക്(ഖണ്ഡിക 1-26-1 മുതൽ 1-29-11 വരെ) വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.25/03-10-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രവർത്തികളിൽ നിന്നും പ്രവർത്തി വൈകിയതിനുള്ള ഫൈൻ ഇനത്തിൽ ആകെ ₹ 2,98,993/-

(14120+16008+23539+38625+16770+69000+60483+33291+18511+4437+4209) രൂപയും ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ ആകെ ₹ 15,7217/- (16,478+61,569+9,200+54,434+15,536) രൂപയും പഞ്ചായത്ത് ഫണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്.

1-27 കാർഷിക തൊഴിൽ സേനയ്ക്ക് കാർഷിക യന്ത്രം ഉപകരണങ്ങൾ വാങ്ങൽ - ₹ 50,688/- അധികം നൽകി.

അസി. ഡയറക്ടർ(കൃഷി) നിർവ്വഹണം നടത്തിയ കാർഷിക തൊഴിൽ സേനയ്ക്ക് കാർഷിക യന്ത്രം ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ കർഷക തൊഴിലാളി സംഘം മീനങ്ങാടി എന്ന തൊഴിൽ സേനയ്ക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങി നൽകുകയാണ് ചെയ്തിരിക്കുന്നത്. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	S0051/25, കാർഷിക തൊഴിൽ സേനയ്ക്ക് കാർഷിക യന്ത്രം ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ	₹ 4,00,000/-(വികസന ഫണ്ട് ജനറൽ)
ചെലവ് തുക, ബിൽ നം./ തീയതി	₹ 3,31,200/- (TRN.241803000000021875/26-03-2025)

മേൽ പ്രോജക്ട് പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കർഷക തൊഴിലാളി സംഘം മീനങ്ങാടി എന്ന തൊഴിൽ സേനയ്ക്ക് കാർഷിക ഉപകരണങ്ങൾ ടെണ്ടർ വിളിച്ചാണ് വാങ്ങി നൽകിയിരിക്കുന്നത്. 21/03/2025 തീയതിയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാന പ്രകാരം(നം. 1) ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത അസിം ഡിസൈനിംഗ് & ഇൻറ്റീറിയേഴ്സ്, ഒളവണ്ണ , കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ താഴെ പറയുന്ന ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

	Brush Cutter Honda	Post Holdinger	Garden Power Triller	Power Sprayer
അസിം ഡിസൈനിംഗ് & ഇൻറ്റീറിയേഴ്സ്, ഒളവണ്ണ , കോഴിക്കോട് ക്വോട്ട് ചെയ്ത നിരക്ക്(₹)	34,745.76	15,677.57	1,07,142.29	43220.34

ടെണ്ടറിൽ ക്വാട്ട് ചെയ്യുന്ന നിരക്ക് ജി.എസ്.ടി ഉൾപ്പെടെ ഉള്ളതാണ്. ടെണ്ടർ നോട്ടീസിലോ(നം.1/2024-2025/14-020-2025), പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനത്തിലോ(നം. 121-03-2025), അസിം ഡിസൈനിംഗ് & ഇൻറ്റീറിയേഴ്സ്, ഒളവണ്ണ , കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനിലോ Exlusive Of G.S.T എന്ന് സൂചിപ്പിച്ചിട്ടില്ല. എന്നാൽ, അസിം ഡിസൈനിംഗ് & ഇൻറ്റീറിയേഴ്സ്, ഒളവണ്ണ , കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ഇൻവോയിസിൽ(നം.583/24-03-2025) ₹ 50,687.58 രൂപ ജി.എസ്.ടി ഇനത്തിൽ അധികമായി നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

അസിം ഡിസൈനിംഗ് & ഇൻറ്റീറിയേഴ്സ്, ഒളവണ്ണ , കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് നം./തീയതി	ഇനത്തിന്റ പേര്	ക്വോട്ട് ചെയ്ത നിരക്ക്	വാങ്ങിയ എണ്ണം	നൽകിയ തുക(₹)
583/24-03-2025	Brush Cutter Honda	34,745.76	3	1,22,999.99
	Earth Auger Krizone (Post Holdinger)	15,677.97	4	74,000/-
	Tiller Honda	1,07,142.29	1	1,19,999.36
	Power Sprayer	43,220.34	1	51,000/-

	Honda			
	ആകെ			3,67,999/-

മേൽ ഇൻവോയിസ് പ്രകാരം ₹ 50,688/- രൂപ GST ഇനത്തിൽ (CGST 6+9% – 25343.79 & SGST 6+9% – 25343.79) അധികമായി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ [സ.ഉ(കൈ)നം.115/2022/തസ്വഭവ തീ. 28/05/2022] ഖണ്ഡിക 6.1.11 പ്രകാരം 90% ആണ് സബ്സിഡി നൽകേണ്ടത്.മുകളിലെ പട്ടികയിലെ ബില്ലിന്റെ ആകെ തുകയായ 3,67,999/- ന്റെ 90% തുകയായ ₹ 3,31,199/- രൂപയാണ് പഞ്ചായത്ത് സബ്സിഡി ആയി നൽകിയിരിക്കുന്നത്.

2. സ്റ്റോർ പർച്ചേസ് ചട്ടം 2013 പ്രകാരം 2 ന്യൂസ് പേപ്പറിൽ പരസ്യം നൽകേണ്ടതാണ്. എന്നാൽ, പത്ര പരസ്യം ലഭ്യമാക്കിയിട്ടില്ല.

3. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.11.1, 2 എന്നിവ പ്രകാരം ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരമോ, സഹരകരണ നിയമപ്രകാരമോ രജിസ്റ്റർ ചെയ്ത ശേഷം രണ്ടു വർഷമെങ്കിലുമായ കർഷക/കർഷകത്തൊഴിലാളി സംഘം/ സമിതി ആയിരിക്കണം. ഈ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ എന്നതിനാധാരമായ രേഖകൾ ലഭ്യമല്ല. ഖണ്ഡിക 6.1.11(എ)(2) പ്രകാരം, നൽകുന്ന യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസർക്കും കൈവശാധികാരം മാത്രം സമിതിക്കുമാണ്. എന്നാൽ, ഉപകരണങ്ങളുടെ ഉടമസ്ഥത ഉൾപ്പെടെ സമിതിക്ക് കൈമാറിയിരിക്കുകയാണ്. ഖണ്ഡിക 6.1.11(എ)(3) പ്രകാരം, യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യണം. എന്നാൽ, നിർവ്വഹണോദ്യോഗസ്ഥൻ സമിതിയുമായി കരാർ ചമച്ചിട്ടില്ല. ഖണ്ഡിക 6.1.11(എ)(4) പ്രകാരം, യന്ത്രങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും സമിതി/സംഘം തന്നെ നിർവ്വഹിക്കുന്ന കർഷകരിൽ നിന്നും തൊഴിലാളിയുടെ വേതനം ഈടാക്കുന്നതിനൊപ്പം സംരക്ഷണം ചെലവിന് വേണ്ടിയുള്ള തുക കൂടി ഈടാക്കണം. തുക എത്രയെന്ന് സമിതി/സംഘംത്തിന് നിശ്ചയിക്കാവുന്നതാണ്. എന്നാൽ ഈ വ്യവസ്ഥ പാലിച്ചതായുള്ള രേഖകൾ ഓഡിറ്റിൽ ലഭ്യമല്ല. ഖണ്ഡിക 6.1.11(എ)(5) പ്രകാരം, സമിതികളുടെ പ്രവർത്തനം മോണിറ്ററിംഗ് കമ്മിറ്റിയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് ചെയ്യേണ്ടതാണ്. എന്നാൽ, മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.യന്ത്രങ്ങളുടെ ഉടമസ്ഥതാവകാശം കൃഷിഓഫീസറിലും കൈവശാവകാശം കാർഷിക തൊഴിൽ സേനയ്ക്കും ആയിരിക്കുന്നതിനും യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുന്നതിനും സ്വകാര്യവ്യക്തികൾ നല്കുന്നതിനേക്കാൾ കുറഞ്ഞത് 20 % കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് നല്കുന്നതിനും പഞ്ചായത്തും കാർഷിക കർമ്മസേനയും തമ്മിൽ കരാറിലേർപ്പെട്ടിട്ടില്ല. യന്ത്രോപകരണങ്ങളുടെ നിയന്ത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി പഞ്ചായത്തിലെ വിവിധ കർഷക സമിതികളിലെ അംഗങ്ങൾ, കൃഷി ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയവർ ഉൾപ്പെട്ട സമിതി രൂപീകരിക്കേണ്ടതും വരവ് ചെലവ് കണക്കുകൾ പരിശോധിക്കേണ്ടതുമാണെങ്കിലും അപ്രകാരമുള്ള ഒരു സമിതി രൂപീകരിച്ചിട്ടില്ല.

4. മീനങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ 2017-2018 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 ലും മീനങ്ങാടിയിലെ യുവജന കാർഷിക കർമ്മസേനക്ക് വിവിധ കാർഷിക യന്ത്രങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത കാർഷിക കർമ്മ സേനയും സു.ബത്തേരി ബ്ലോക്ക് പഞ്ചായത്ത് കാർഷിക യന്ത്രങ്ങൾ നൽകിയിരിക്കുന്ന കാർഷിക തൊഴിൽ സേനയും ഒന്നു തന്നെയാണോ എന്നത് പരിശോധിച്ച് അറിയിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകയറിക്ക്(നം.18/29-09-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 2,80,512/- (നിരാകരിച്ച ₹ 50,588/- കിഴിച്ച്) തടസ്സപ്പെടുത്തുന്നു(ഖണ്ഡിക 3-1 കാണുക).

1-28 അമ്പലവയൽ സി.എച്ച്.സി ലാബ് നവീകരണം - പ്രവർത്തനക്ഷമമായിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ അമ്പലവയൽ സി.എച്ച്.സി ലാബ് നിലവിലും പ്രവർത്തനക്ഷമമായിട്ടില്ല. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	S0205/25, അമ്പലവയൽ സി.എച്ച്.സി ലാബ് നവീകരണം
അടങ്കൽ	₹ 7,63,000/-/-(MGNR)
ചെലവ് തുക, ബിൽ നം./ തീയതി	₹ 6,26,801/- [₹ 1,99,280/-(TRN.241803000000019967/14.03.25) (ഇലക്ട്രഫിക്കേഷൻ വർക്ക്) &

	₹ 4,27,521/-(TRN.241803000000020369/17.03.2025)(സിവിൽ വർക്ക്)]
എസ്റ്റിമേറ്റ് തുക	₹ 7,63,000/- (₹ 2,00,000/- ഇലക്ട്രിഫിക്കേഷൻ വർക്ക് ഉൾപ്പെടെ)
Estimation PAC	₹ 4,76,997.18(സിവിൽ വർക്ക്) ₹ 1,65,303.97/-(ഇലക്ട്രിഫിക്കേഷൻ വർക്ക്)
സാങ്കേതിക അനുമതി	99883/2023 Dt 17/11/2023(സിവിൽ വർക്ക്) 44303/2024 Dt 22/09/2024(ഇലക്ട്രിഫിക്കേഷൻ വർക്ക്)
കരാർ നം./തീയതി	AE/LID & EW/BPSBY/56/2023-24/14-03-2024 (സിവിൽ വർക്ക്) AE/LID & EW/BPSBY/05/2024-25/23-12-2024 (ഇലക്ട്രിഫിക്കേഷൻ വർക്ക്)
കരാറുകാരന്റെ പേര്	ശ്രീ. സുനീഷ് കെ.ഡി(സിവിൽ വർക്ക്) ശ്രീ. രാജേഷ് കെ.വി(ഇലക്ട്രിഫിക്കേഷൻ വർക്ക്)
കരാർ തുക	₹ 4,59,663/-(സിവിൽ വർക്ക്) ₹ 1,65,304/-(ഇലക്ട്രിഫിക്കേഷൻ വർക്ക്)

മേൽ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും, 27/09/2024- ന് നടത്തിയ ഭൗതിക പരിശോധനയിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ലാബിൽ നവീകരണ പ്രവർത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ലാബ് കെട്ടിടം ഉപയോഗിക്കാതെ അടച്ചിട്ടിരിക്കുകയാണ്.

2) ലാബ് നടത്തുന്നതിന് ആവശ്യമായ മുഴുവൻ പ്രവർത്തികളും ചെയ്തിട്ടില്ല. ലാബിൽ എക്സോസ്റ്റ് ഫാൻ സ്ഥാപിച്ചിട്ടില്ല. ഇലക്ട്രിക്ക് കണക്ഷൻ, കുടിവെള്ളം എന്നിവ ലഭിച്ചിട്ടില്ല. ലാബിലേക്ക് പൊതുജനങ്ങൾക്ക് വരാനുള്ള വഴി സൗകര്യം ഇല്ല. വേസ്റ്റ് ടാങ്ക് സ്ഥാപിച്ചിട്ടില്ല. വാഷ് ബേസിനുകളിൽ എൽബോ ടാപ്പ് സ്ഥാപിച്ചിട്ടില്ല. ലാബിലെ ഉപയോഗത്തിന് Washing & Staining വേണ്ടി പ്രത്യേക വാഷ് ബേസിൻ ആവശ്യമാണ്, അത് സ്ഥാപിച്ചിട്ടില്ല. അതു പോലെ, വാഷ് ബേസിനുകൾ ആഴമുള്ളതും വിസ്താരമുള്ളതും ആകണം. എന്നാൽ, അടുക്കളയിൽ സ്ഥാപിക്കുന്ന തരത്തിലുള്ള സാധാരണ വാഷ് ബേസിൻ ആണ് സ്ഥാപിച്ചിരിക്കുന്നത്. ലാബിനു പുറത്ത് പേഷ്യന്റ് വെയിറ്റിംഗ് ഏരിയ ആവശ്യമാണ്. അവിടെ ടോയിലറ്റ് സൗകര്യവും നിർബന്ധമാണ് .ആയവയും ഏർപ്പെടുത്തിയിട്ടില്ല. ലാബിന് സെപ്റ്റിക്ക് ടാങ്കും നിർമ്മിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ:20/28-09-2025) ലഭ്യമാക്കിയ മറുപടിയിൽ മേൽ ലാബ് പ്രവർത്തനക്ഷമമാക്കി അറിയിക്കണം എന്ന് അറിയിച്ചിട്ടുണ്ട്. അമ്പലവയൽ ഗ്രാമ പഞ്ചായത്തിലെ സി.എച്ച്.സി ലാബ്, പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്. അതു വരെ ചെലവ് തുക ₹ 6,26,801/- തടസ്സപ്പെടുത്തുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കാർഷിക തൊഴിൽ സേനയ്ക്ക് കാർഷിക യന്ത്രം ഉപകരണങ്ങൾ വാങ്ങൽ - ₹ 50,688/- അധികം നൽകി.

അസി. ഡയറക്ടർ(കൃഷി) നിർവ്വഹണം നടത്തിയ കാർഷിക തൊഴിൽ സേനയ്ക്ക് കാർഷിക യന്ത്രം ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ കർഷക തൊഴിലാളി സംഘം മീനങ്ങാടി എന്ന തൊഴിൽ സേനയ്ക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങി നൽകുകയാണ് ചെയ്തിരിക്കുന്നത്. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	S0051/25, കാർഷിക തൊഴിൽ സേനയ്ക്ക് കാർഷിക യന്ത്രം ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ	₹ 4,00,000/-(വികസന ഫണ്ട് ജനറൽ)
ചെലവ് തുക, ബിൽ നം./ തീയതി	₹ 3,31,200/- (TRN.241803000000021875/26-03-2025)

മേൽ പ്രോജക്ട് പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കർഷക തൊഴിലാളി സംഘം മീനങ്ങാടി എന്ന തൊഴിൽ സേനയ്ക്ക് കാർഷിക ഉപകരണങ്ങൾ ടെണ്ടർ വിളിച്ചാണ് വാങ്ങി നൽകിയിരിക്കുന്നത്. 21/03/2025 തീയതിയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാന പ്രകാരം(നം. 1) ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത അസിം ഡിസൈനിംഗ് & ഇൻറ്റീറിയേഴ്സ്, ഒളവണ്ണ , കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ താഴെ പറയുന്ന ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

	Brush Cutter Honda	Post Holdinger	Garden Power Triller	Power Sprayer
അസിം ഡിസൈനിംഗ് & ഇൻറ്റീറിയേഴ്സ്, ഒളവണ്ണ , കോഴിക്കോട് ക്വോട്ട് ചെയ്ത നിരക്ക്(₹)	34,745.76	15,677.57	1,07,142.29	43220.34

ടെണ്ടറിൽ ക്വാട്ട് ചെയ്യുന്ന നിരക്ക് ജി.എസ്.ടി ഉൾപ്പെടെ ഉള്ളതാണ്. ടെണ്ടർ നോട്ടീസിലോ(നം.1/2024-2025/14-020-2025), പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനത്തിലോ(നം. 121-03-2025), അസിം ഡിസൈനിംഗ് & ഇൻറ്റീറിയേഴ്സ്, ഒളവണ്ണ , കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനിലോ Exlusive Of G.S.T എന്ന് സൂചിപ്പിച്ചിട്ടില്ല. എന്നാൽ, അസിം ഡിസൈനിംഗ് & ഇൻറ്റീറിയേഴ്സ്, ഒളവണ്ണ , കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ഇൻവോയിസിൽ(നം.583/24-03-2025) ₹ 50,687.58 രൂപ ജി.എസ്.ടി ഇനത്തിൽ അധികമായി നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

അസിം ഡിസൈനിംഗ് & ഇൻറ്റീറിയേഴ്സ്, ഒളവണ്ണ , കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് നം./തീയതി	ഇനത്തിന്റെ പേര്	ക്വോട്ട് ചെയ്ത നിരക്ക്	വാങ്ങിയ എണ്ണം	നൽകിയ തുക(₹)
583/24-03-2025	Brush Cutter Honda	34,745.76	3	1,22,999.99
	Earth Auger Krizone (Post Holdinger)	15,677.97	4	74,000/-
	Tiller Honda	1,07,142.29	1	1,19,999.36
	Power Sprayer Honda	43,220.34	1	51,000/-
	ആകെ			3,67,999/-

മേൽ ഇൻവോയിസ് പ്രകാരം ₹ 50,688/- രൂപ GST ഇനത്തിൽ (CGST 6+9% – 25343.79 & SGST 6+9% – 25343.79) അധികമായി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ [സ.ഉ(കൈ)നം.115/2022/തസ്വഭവ തീ. 28/05/2022] ഖണ്ഡിക 6.1.11 പ്രകാരം 90% ആണ് സബ്സിഡി നൽകേണ്ടത്.മുകളിലെ പട്ടികയിലെ ബില്ലിന്റെ ആകെ തുകയായ 3,67,999/- ന്റെ 90% തുകയായ ₹ 3,31,199/- രൂപയാണ് പഞ്ചായത്ത് സബ്സിഡി ആയി നൽകിയിരിക്കുന്നത്.

വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18/29-09-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടിക പ്രകാരം ടെണ്ടറിൽ അംഗീകരിച്ച തുകയിലും അധികമായി നൽകിയ ₹ 50,688/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധികം നൽകിയ ₹ 50,688/- ഉത്തരവാദിയായ അസി. ഡയറക്ടർ(കൃഷി) എന്ന നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്. (ഖണ്ഡിക 1-27 കാണുക).

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്

എ). മെഡിസെപ് പ്രീമിയം അടവ് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
25	1,50,000	1,50,000	0	സ്പാർക്ക് മുഖേന ഈടാക്കുന്നുണ്ട്

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

ബി). മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.24 മുതൽ 30.06.24 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽഈടാക്കിയ തുക (07/22, 07/23 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

സി). മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.24 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽഈടാക്കിയ തുക (07/22 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

ഡി). മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.24 മുതൽ 31.03.25നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽഈടാക്കിയ തുക (07/22, 07/24 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	

4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	23.09.2025	ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.

4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ക്രമ നം	വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
1	നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്	2024-25	2,80,000	PMAY(G) പൊതുവിഭാഗം	2,80,000	0
2	നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്	2024-25	21,03,538	PMAY(G) പട്ടികവർഗ്ഗം	21,03,538	0
3	നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്	2024-25	16,50,000	പി.എം.ജൻമൻ	16,50,000	0
4	നെന്മേനി ഗ്രാമപഞ്ചായത്ത്	2024-25	6,30,000	PMAY(G) പൊതുവിഭാഗം	6,30,000	0
5	അമ്പലവയൽ ഗ്രാമപഞ്ചായത്ത്	2024-25	14,00,000	PMAY(G) പൊതുവിഭാഗം	14,00,000	0
6	അമ്പലവയൽ ഗ്രാമപഞ്ചായത്ത്	2024-25	4,50,000	PMAY(G) പട്ടികവർഗ്ഗം	18,37,000	0
7	അമ്പലവയൽ ഗ്രാമപഞ്ചായത്ത്	2024-25	6,00,000	പി.എം.ജൻമൻ	6,00,000	0
8	ജില്ലാ പഞ്ചായത്ത്	2024-25	63,15,000	പി.എം.ജൻമൻ	63,15,000	0
9	ജില്ലാ പഞ്ചായത്ത്	2024-25	9,86,000	PMAY(G) പൊതു വിഭാഗം	9,86,000	0
10	ജില്ലാ പഞ്ചായത്ത്	2024-25	42,97,000	PMAY(G) പട്ടികവർഗ്ഗം	42,97,000	0
11	ജില്ലാ പഞ്ചായത്ത്	2024-25	1,29,386	PMAY(G) പട്ടികജാതി	1,29,386	0
12	മീനങ്ങാടി ഗ്രാമപഞ്ചായത്ത്	2024-25	5,00,000	പി.എം.ജൻമൻ	5,00,000	0
13	നെന്മേനി ഗ്രാമപഞ്ചായത്ത്	2024-25	4,25,000	പി.എം.ജൻമൻ	4,25,000	0

4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	**വൗച്ചർ/ചെക്ക് നമ്പർ**	നൽകിയ തുക	ചെലവഴിച്ചതുക	ബാലൻസ്
പി.ഡബ്ല്യു.ഡി	താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രി ഫയർ ആന്റ് സേഫ്റ്റി അഡീഷണൽ പ്രവൃത്തികൾ	24180363003401205731/21.01.25	15,00,000	0	15,00,000
പി.ഡബ്ല്യു.ഡി	താലൂക്ക് ആശുപത്രിയിൽ സി.സി.ടി.വി സ്ഥാപിക്കൽ	24180363003601417662/4.3.25	2,00,000	0	2,00,000

4-5 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-6 വായ്പ/വായ്പാതിരിച്ചടവ്

ഇല്ല

4-7 സ്ഥിര നിക്ഷേപം

ഇല്ല.

4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1997-98		2000-2001	103(a)	ജനകീയാസൂത്രണപദ്ധതി-പണികൾ നടത്തിയില്ല	നിയമസഭ സമിതി പരിഗണിച്ചിട്ടില്ല
1999-00	14	2003-04	4-11	കൺസോളിഡേഷൻ കൃറച്ചില്ല	നിയമസഭ സമിതി മുൻപാകെ
2000-01	13,14	2004-05	*3-12 II(1)*	മുൻക്കൂർ നൽകിയ പദ്ധതികൾ തുടങ്ങാനായില്ല	നിയമസഭ സമിതി മുൻപാകെ
2013-14		2013-14	5-3-5	അപ്പോൾസ്റ്ററി കൃഷ്യൻ വർക്ക് നടത്തുന്ന നവോദയ എസ്.എച്ച്.ജി. സബ്സിഡി ലഭ്യമായെങ്കിലും പ്രവർത്തന രഹിതമാണ്.	നിയമസഭ സമിതി മുൻപാകെ
2013-14		2013-14	5-3-5	തൊഴിൽ പരിശീലനങ്ങൾ ലക്ഷ്യം കണ്ടില്ല.	നിയമസഭ സമിതി മുൻപാകെ

4-10 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	₹16,16,85,633
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	₹14,85,34,719
വരവിനങ്ങളിലുള്ള നഷ്ടം	:	--
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	₹ 50,688
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	₹40,60,236

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	50,688	ശ്രീ. രാമുണ്ണി.കെ.കെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ
ആകെ	50,688	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-9	54,049	ശ്രീ. ബിജേഷ്.എ.എം സെക്രട്ടറി
1-10	15,00,000	ശ്രീ. ബിജേഷ്.എ.എം സെക്രട്ടറി
1-17	2,00,000	ഡോ. സിന്ധു. കെ.വി സൂപ്രണ്ട്, താലൂക്ക് ആശുപത്രി
1-23	13,26,582	ശ്രീമതി. ഇന്ദിര.എൻ.എം അസിസ്റ്റന്റ് എഞ്ചിനീയർ
1-24	72,292	ശ്രീമതി. ഇന്ദിര.എൻ.എം അസിസ്റ്റന്റ് എഞ്ചിനീയർ
1-27	2,80,512	ശ്രീ. രാമുണ്ണി.കെ.കെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ
1-28	6,26,801	ശ്രീമതി. ഇന്ദിര.എൻ.എം അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ	₹40,60,236	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ബിജേഷ്.എ.എം സെക്രട്ടറി	സെക്രട്ടറി സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്	ആഞ്ഞിലിവേലിൽ ഹൗസ് അടയ്ക്കാത്തോട് പി.ഒ കണ്ണൂർ പിൻ- 670674
ശ്രീ. രാമുണ്ണി.കെ.കെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	കോട്ടൂർ വീട് നെൻമേനിക്കുന്ന് പി.ഒ ചീരാൽ പിൻ-673595
ഡോ. സിന്ധു. കെ.വി സൂപ്രണ്ട്, താലൂക്ക് ആശുപത്രി	സൂപ്രണ്ട്, താലൂക്ക് ആശുപത്രി സുൽത്താൻ ബത്തേരി	ശ്രീപത്മം റോക്ക് വാലി ഹൗസിംഗ് കോംപ്ലക്സ് കൊളഗപ്പാറ
ശ്രീമതി. ഇന്ദിര.എൻ.എം അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്	മുതിരക്കാട്ട് പറമ്പിൽ വീട് കുപ്പാടി പി.ഒ സുൽത്താൻ ബത്തേരി പിൻ-673592

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

1995-96	എൽ.എഫ്(ഡബ്ല്യു) പി2/730/99 തീയതി 04.12.1999	11
1996-97	എൽ.എഫ്(ഡബ്ല്യു) പി2/350/2000 തീയതി 01.08.2000	14
1997-98 Final	എൽ.എഫ്(ഡബ്ല്യു) പി1/539/04 തീയതി 30.10.2004	17
1998-99	എൽ.എഫ്(ഡബ്ല്യു) പി2/163/00 തീയതി 01.03.2001	29
1999-00	എൽ.എഫ്(ഡബ്ല്യു) പി2/421/03 തീയതി 01.01.2004	8
2000-01	എൽ.എഫ്(ഡബ്ല്യു) പി1/401/04 തീയതി 14.02.2005	13
2001-02	എൽ.എഫ്(ഡബ്ല്യു) പി1/403/04 തീയതി 14.02.2005	6
2002-03	എൽ.എഫ്(ഡബ്ല്യു) പി3/367/08 തീയതി 09.04.2024	5
2003-04	എൽ.എഫ്(ഡബ്ല്യു)ഇ2/694/14(1) തീയതി 28.01.2015	13
2004-05	എൽ.എഫ്(ഡബ്ല്യു)പി 5/968/11 തീയതി 02.12.2011	15
2005-06	എൽ.എഫ്(ഡബ്ല്യു)ഇ2/694/14(2) തീയതി 28.01.2015	
2006-07	എൽ.എഫ്(ഡബ്ല്യു)പി5/738/11 തീയതി 09.04.2024	15
2007-08	എൽ.എഫ്(ഡബ്ല്യു)ഇ2/17/14 തീയതി 28.03.2015	52
2008-09	എൽ.എഫ്(ഡബ്ല്യു)ഇ2/17/14 തീയതി 28.03.2015	
2009-10	എൽ.എഫ്(ഡബ്ല്യു)ഇ2/17/14 തീയതി 28.03.2015	
2010-11	എൽ.എഫ്(ഡബ്ല്യു) ഇ2-134/14 തീയതി 16.09.2014	18
2011-12 2012-13 2013-14	എൽ.എഫ്(ഡബ്ല്യു)എം.1-147/15 തീയതി 09.04.2024	19
2014-15	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി.എം.2-612/16/09.04.2024	22
2015-16	കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.2-132/17/09.04.2024	18
2016-17	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി.എം.2-786/17/09.04.2024	14
2017-18	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി.എം.2-865/18 - 09.04.2024	14
2018-19	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി.എം.2-677/19/01.02.2020	30
2019-20	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി./ഇ3-351/22/26.02.2024	30
2020-21	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി/ഇ3-356/22/14.08.2023	29
2021-22	കെ.എസ്.എ .ഡബ്ല്യു.വൈ.ഡി - ഇ3-219/2023/08.01.2024	21
2022-23	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി/ ഇ3-642/2023/05.03.2024	29
2023-24	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി/ ഇ3-777/2024/27.09.2024	13

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 27-06-2025 and submitted on 27-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Sulthanbathery Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Sulthanbathery Block Panchayat as on 31-03-2025

Date: 20/11/2025

Senior Deputy Director
District Office Wayanad
Kerala State Audit Department

Audit Report appended to the Audit Certificate of Sulthanbathery Block Panchayat for the Year 2024-2025 .

1.Major Observations

Cost of E-tender form not received. Assets not included in the Annual Financial statement.

2.Other Observations

1.All the statements required asper accounting rules were not included in theAnnual Financial statement.

2.The expenditure amount of various grants in the Annual Financial statement and the expenditure amount as per ACR does not match.

3.The liability amount recorded does not match with the register.

4.The amount in B4 and the amount in B17 of various grants for special purposes does not match.

5.No separate bank account is maintained for special purpose grants.

Senior Deputy Director
District Office Wayanad
Kerala State Audit Department

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

Abstract of Annual Financial statement.

Sulthanbathery Block Panchayat
BALANCE SHEET

For the period from 01-April-2024 to 31-March-2025

Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	38894329.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	0.0
312000000	Reserves	B-3	215662759.00
	Total Reserve & Surplus		**254557088.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	25743435.00
	Total Grants, Contributions for Specific Purposes		**25743435.00**
	Loans		
330000000	Secured Loans	B-5	0.0
	Total Loans		**0.0**
	Current Liabilities & Provisions		
340000000	Deposits Received	B-7	980156.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	59731.00
	Total Current Liabilities and Provisions		**1039887.00**
	TOTAL LIABILITIES		**281340410.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	268478675.00
411000000	Accumulated Depreciation	B-11	-26213059.00
412000000	Capital Work in Progress	B-11(a)	0.0
	Total Fixed Assets		**242265616.00**
	Investments		
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	7410118.00
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	29272755.00
460000000	Loans, Advances and Deposits	B-18	2075921.00

Digitally signed by BIJESH
Date: 2025.06.27 17:07:5
Reason: Approval
Location: Kerala

	Total Current Assets, Loans and Advances		**38758794.00**
	Other Assets		
470000000	Other Assets	B-19	316000.00
	Total Other Assets		**316000.00**
	Miscellaneous Expenditure (To the Extent not written off)		
	TOTAL ASSETS		**281340410.00**

Sulthanbathery Block Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2024 to 31-March-2025

Code.No	Description of Items	Schedule No	Amount
	INCOME		
140000000	Fee & User Charges	I-4(b)	55378.00
150000000	Sale & Hire Charges	I-5(b)	19102.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	132289222.00
171000000	Interest Earned	I-8	511658.00
180000000	Other Income	I-9	166335.00
	Total Income		**133041695.00**
	EXPENDITURE		
210000000	Establishment Expenses	I-10(b)	6520467.00
220000000	Administrative Expenses	I-11(b)	1413900.00
230000000	Operations & Maintenance	I-12(b)	3342376.00
240000000	Interest & Finance Charges	I-13	30127.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	19538306.00
251000000	Decentralised Plan Programme-Service Sector	I-14(a)	61204503.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	18946538.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	100208.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	41696.00
255000000	Maintenance Projects	I-14(e)	6591997.00
256000000	Other Revenue Grants and Funds - Revenue Expenses	I-15(a)	30000.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	1000000.00
	Total Expenditure		**118760118.00**
	Gross Surplus / Deficit of income over Expenditure		**14281577.00**
	Gross Surplus / Deficit of income over Expenditure		**14281577.00**
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18(a)	0.0

Digitally signed by BIJESH
Date: 2025.06.27 17:07:5
Reason: Approval
Location: Kerala

Sulthanbathery Block Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2024 to 31-March-2025

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	16121841.00
Cash	Cash	RP-40(a)	0.0
	Operating		
140000000	Fees & User Charges	RP-4	55260.00
150000000	Sale & Hire Charges	RP-5	19102.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	147307823.00
171000000	Interest Earned	RP-9	511658.00
320000000	Grants, Funds & Contributions for Specific Purposes	RP-31	4976782.00
	Non Operating		
180000000	Other Income	RP-10	166335.00
340000000	Deposits Received	RP-34	577644.00
350000000	Other Liabilities	RP-36	4161.00
431000000	Sundry Debtors (Receivables)	RP-43	4701400.00
460000000	Loans, Advances and Deposits	RP-47	3365468.00
	Grand total		**177807474.00**
	PAYMENTS		
	Operating		
210000000	Establishment Expenses	RP-11	6520467.00
220000000	Administrative Expenses	RP-12	1413900.00
230000000	Operations & Maintenance	RP-13	3342376.00
250000000	Decentralised Plan Programme- Productive Sector	RP-15	19538306.00
251000000	Decentralised Plan Programme- Service Sector	RP-16	61150454.00
252000000	Decentralised Plan Programme- Infrastructure Sector	RP-17	6528166.00
253000000	Decentralised Plan Programme- Projects not included in Sector Division	RP-18	100208.00
254000000	Expenditures of Transferred institutions and State Sponsored Schemes	RP-19	41696.00
255000000	Maintenance Projects	RP-20	4554426.00
256000000	Other Revenue Grants and Funds - Revenue Expenses	RP-21	30000.00
260000000	Grants, Contributions and Compensations from Own Fund	RP-22	1000000.00

Digitally signed by BIJESH
Date: 2025.06.27 17:08:0
Reason: Approval
Location: Kerala

320000000	Grants, Funds & Contributions for Specific Purposes	RP-31	10000.00
350000000	Other Liabilities	RP-36	8731324.00
	Non Operating		
240000000	Interest & Finance Charges	RP-14	30009.00
340000000	Deposits Received	RP-34	300315.00
350000000	Other Liabilities	RP-36	733904.00
410000000	Fixed Assets	RP-38	10041096.00
412000000	Capital work in Progress	RP-40	14997033.00
431000000	Sundry Debtors (Receivables)	RP-43	7410118.00
460000000	Loans, Advances and Deposits	RP-47	2060921.00
	Closing Balance		
Bank	Bank	RP-40(b)	29272755.00
Cash	Cash	RP-40(b)	0.0
	Grand Total		**177807474.00**

SENIOR DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT